A Publication of the Public Relations Department, Malankara Orthodox Syrian Church

# മലങ്കരസഭാപത്രിക

മലങ്കര സഭയുടെ മുഖപത്രം
സ്ഥാപിതം 2004
Reg. No. KERMAL 1248/11/1/2005-TC No. M2/42356/05
വാർഷിക വരിസംഖ്യ 100 രൂപ
2010 ജൂൺ 1–15
Vol. 6 No. 3



# കഷ്ടത ഭാഗ്യമായി കരുതണം: പരിശുദ്ധ കാതോലിക്കാ ബാവാ



പാമ്പാടി: ഈ ലോക ജീവിതത്തിൽ നേരിടുന്ന കഷ്ടതകളും പ്രയാസങ്ങളും ദൈവം അറിഞ്ഞു നൽകുന്നതാണെന്നും, പ്രശ്നങ്ങളിൽ നിന്നും പിന്തിരിഞ്ഞോടാതെ അത് ധൈര്യമായി നേരിടുവാൻ തയ്യാറാകുകയെന്നതാണ് ക്രിസ്തീയ ജീവിതദൗത്യമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു. പാമ്പാടി മാർ കുര്യാക്കോസ് ദയറായിൽ നടന്ന ത്രിദിന മർത്തമറിയം സമാജം ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ

**സമാജം വാർഷികം: ആയിരത്തിൽപരം വനിതാ പ്രതിനിധികൾ**

**നവാഭിഷിക്ത മെത്രാപ്പോലീത്താമാർക്ക് സ്വീകരണം**

ബാവാതിരുമേനി.

കഷ്ടതകളെ ഭാഗ്യമായി കരുതുന്നവർക്കേ അവ സഹിക്കാനുള്ള ആത്മധൈര്യമുണ്ടാകുകയുള്ളു. കർത്താവ് പറഞ്ഞിരിക്കുന്നത് ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കുമെന്നാണ്. അതിനാൽ യാതനകളും പ്രയാസങ്ങളും സഹിക്കാൻ തയ്യാറാകുമ്പോൾ മാത്രമേ ദൈവമുഖം ദർശിക്കുവാൻ സാധിക്കുള്ളുവെന്നും ബാവാതിരുമേനി പറഞ്ഞു.

സമാജം പ്രസിഡന്റ് ഡോ. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. രാജ്യത്തെ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തിൽപരം സമാജം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. നവാഭിഷിക്ത മെത്രാപ്പോലീത്താമാർക്ക് ചടങ്ങിൽ സ്വീകരണം നൽകി.

# ദുശ്ശീലങ്ങളിൽ നിന്ന് യുവാക്കളെ വഴിമാറ്റി നടത്താൻ യുവജനപ്രസ്ഥാനത്തിന് കഴിയണം: ഉമ്മൻ ചാണ്ടി

ആലുവ: യുവാക്കൾ ഭീകരവാദത്തിലേക്ക് എത്തിപ്പെടുന്നതിൽ സമൂഹത്തിന്റെ നിഷ്ക്രിയത്വം വലിയ പങ്കു വഹിക്കുന്നുണ്ടെന്നു പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 74 –ാമതു അന്തർദേശീയ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദപ്രഭീകരചിന്ത ഉണരുന്നതെന്നും ദൈവവിശ്വാസമെന്നാൽ ആചാരങ്ങളല്ല, മനുഷ്യനെ മനുഷ്യനായി കാണാനും അന്യന്റെ ദു:ഖം മനസ്സിലാക്കാനുള്ള കഴിവാണെന്നും വാർഷിക സമ്മേളനത്തിന്റെ ഭാഗമായി നടന്ന ആഗോള സമാധാനവും യുവജനങ്ങളും എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു കേന്ദ്ര മന്ത്രി വയലാർ രവി പറഞ്ഞു.

**യുവജനപ്രസ്ഥാനം പ്ലാറ്റിനം ജൂബിലി വർഷത്തിൽ**

**പരിസ്ഥിതി പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ**

വർത്തനങ്ങൾ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിൽ നിന്നു യുവജനങ്ങളെ വഴിമാറ്റി നടത്താനുള്ള ഉത്തരവാദിത്വം സമൂഹത്തിനുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷണം നടത്തി. നവാഭിഷിക്തരായ തിരുമേനിമാർക്ക് സ്വീകരണം നൽകി.

നന്മയില്ലാതാവുന്നിടത്താണു സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ് ഭീകരവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ.ഡോ. ഒ. തോമസ്, ഡോ. ജോർജ് ജോസഫ്, ഫാ. എൽദോ ഏലിയാസ്, ഫാ. ഏബ്രഹാം കാരമേൽ ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്, പ്രൊഫ. മേരി മാത്യു, ഡോ. ജോഷ്വ ഫീലിപ്പോസ്, യോഗാചാര്യ ബ്രഹ്മശ്രീ വിളയോടി മണി എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ ധ്യാനം നയിച്ചു.



സമാപന സമ്മേളനത്തിൽ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, ലോഗോ പ്രകാശനവും, ഗൾഫ് കോൺഫ്രൻസ് ലോഗോ പ്രകാശനവും ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പത്മശ്രീ അവാർഡ് നേടിയ കുര്യൻ ജോൺ മേളാംപറമ്പിൽ, അർജുന അവാർഡ് ജേതാബ് സിനിമോൾ പൗലോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു ലക്ഷം വൃക്ഷത്തൈയ് വിതരണ ഉദ്ഘാടനം കേന്ദ്ര മന്ത്രി വയലാർ രവി നിർവ്വഹിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം അടുത്ത മെയിൽ ന്യൂഡൽഹിയിൽ നടക്കും. പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ, ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, ഫാ. സ്പെൻസർ കോശി, ഉമ്മൻ ജോൺ, മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ, തോമസ് പോൾ റമ്പാൻ, ഫാ. ബോബി വർഗീസ്, ടിൽസൺ വർഗീസ്, പി.വി. സാജു എന്നിവർ നേതൃത്വം നൽകി.

## പരി. കാതോലിക്കാ ബാവാ നന്ദി പ്രകാശിപ്പിച്ചു

മെയ് 12–ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷയുടെ ക്രമീകൃതവും വിജയകരവുമായ നിർവ്വഹണത്തിന് സഹകരിച്ച എല്ലാവരോടും, പ്രത്യേകിച്ച് ജില്ലാ ഭരണാധികാരികൾ, പോലീസ് അധികൃതർ എന്നിവരോടും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ നന്ദി പ്രകാശിപ്പിച്ചു. സജ്ജീകരണങ്ങൾക്ക് സമർത്ഥമായി നേതൃത്വം നൽകിയ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ വികാരി ഫാ. മോഹൻ ജോസഫ്, ഇടവകാംഗങ്ങൾ, കോട്ടയം സെൻട്രൽ ഭദ്രാസനത്തിൽ നിന്നുള്ള വൈദികർ, വിവിധ കമ്മറ്റി അംഗങ്ങൾ, അച്ചടക്കത്തോടെ സംബന്ധിച്ച് വിശ്വാസികൾ എന്നിവരെയും പരിശുദ്ധ ബാവാ തിരുമേനി അഭിനന്ദിച്ചു.



പ്രകൃതി ദൈവത്തിന്റെ വരദാനം, സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതല

**ജൂൺ 5 പരിസ്ഥിതി ദിനം**

## ബന്യാമിന് കേരള സാഹിത്യ അക്കാദമി അവാർഡ്



കുളനട സെന്റ് ജോർജ് ഇടവകാംഗമായ ബന്യാമിൻ രചിച്ച "ആടുജീവിതം" എന്ന പ്രവാസി നോവലിന് കേരള സാഹിത്യ അക്കാദമി അവാർഡ്. ബഹറിനിൽ ജോലി ചെയ്യുന്ന ബെന്യാമിൻ മണലാരണ്യത്തിന്റെ ജീവിതാനുഭവത്തിൽ കണ്ടുമുട്ടുന്ന നജീബ് എന്ന സുഹൃത്തിന്റെ ജീവിതവും സ്വന്തം ജീവിതാംശവും ചേർന്നതാണ് നോവലിന്റെ കഥാതന്തു. കേരള സാഹിത്യ ലോകത്ത് ഇതിനോടകം വലിയ ചർച്ചാവിഷയമായിക്കഴിഞ്ഞു വ്യത്യസ്തമായ ഈ നോവൽ.

## മലങ്കരസഭാപത്രിക

# മലങ്കര വർഗീസ് വധം: നീതി നടപ്പാക്കണം

ലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മറ്റി അംഗവും മദ്ധ്യകേരളത്തിലെ പ്രമുഖ അല്മായ നേതാവുമായിരുന്ന മലങ്കര വർഗീസ് പട്ടാപ്പകൽ നടുറോഡിൽ വച്ച് കൊല്ലപ്പെട്ടത് 2002 ഡിസംബറിലാണ്. ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും ഈ കൊലപാതകത്തെക്കുറിച്ച് അന്വേഷിച്ചുവെങ്കിലും യാതൊരു തുമ്പും കണ്ടെത്താനായില്ല എന്ന മട്ടിൽ നിശബ്ദത പാലിക്കുകയായിരുന്നു. ഭരണകർത്താകളുടെയും പോലീസ് അധികാരികളുടെയും നിഷ്ക്രിയത്വം അഞ്ചു വർഷം തുടർന്നു പോയപ്പോൾ മലങ്കര വർഗീസിന്റെ പത്നി നീതിക്കായി ഹൈക്കോടതിയെ സമീപിക്കുകയാണുണ്ടായത്.

2008-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഈ കേസിൽ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ഉത്തരവായി. സി.ബി.ഐ. നടത്തിയ അന്വേഷണങ്ങൾക്കൊടുവിൽ പുറത്തു വന്ന കണ്ടെത്തലുകൾ ഇക്കാര്യം സംബന്ധിച്ച് ഓർത്തഡോക്സ് സഭ ഇത്രയും കാലം ഉന്നയിച്ച ആരോപണങ്ങൾ ശരിവയ്ക്കുന്നതായിരുന്നു.

ഓർത്തഡോക്സ് സഭയിൽ നിന്നു വിഘടിച്ചു നില്ക്കുന്ന ഒരു വിഭാഗത്തിലെ പുരോഹിത വൃന്ദത്തിന്റെ നേതൃത്വത്തിൽ നടത്തിയ നീക്കങ്ങളാണ് മലങ്കര വർഗീസിന്റെ കൊലപാതകത്തിൽ പര്യവസാനിച്ചതെന്ന സത്യം ഇപ്പോൾ പുറത്തു വന്നിരിക്കുന്നു. കേരളത്തിലെ മാത്രമല്ല, ലോകത്തെവിടെയുമുള്ള ക്രൈസ്തവ സഭകൾക്ക് അപമാനകരമായ വിധത്തിൽ പൗരോഹിത്യത്തിന്റെ ക്രൂരവും നികൃഷ്ടവുമായ ഗൂഢാലോചനകളും വധോദ്യമങ്ങളുമാണ് സി.ബി.ഐ. വെളിപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ യഥാർത്ഥ കുറ്റാവാളികളെയും കുറ്റകൃത്യത്തിന്റെ പിന്നിലുള്ള സാമ്പത്തിക ഇടപാടുകളെയും കുറിച്ചുള്ള വിശദാംശങ്ങൾ ഇപ്പോഴും വ്യക്തമാക്കാതെയിരിക്കുകയാണ്. രണ്ടാം പ്രതിയെ അറസ്റ്റുചെയ്തു ജയിലിൽ അടച്ചുവെങ്കിലും ഒന്നാംപ്രതിയെ അറസ്റ്റു ചെയ്തിട്ടില്ല.

കൊലപാതകം നടക്കുന്ന കാലയളവിൽ അങ്കമാലിയിലെ മെത്രാപ്പോലീത്താ, വാഹനാപകടത്തിൽ മരണമടഞ്ഞ അദ്ദേഹത്തിന്റെ വിശ്വാസസമൂഹത്തിൽ പെടുന്ന ബിനുവിന്റെ കുടുംബത്തിനു സഹായധാനം നല്കുവാൻ സമാഹരിച്ച തുകയാണ് (75,000 രൂപ) വാടകക്കൊലയാളികൾക്കു പ്രതിഫലം നല്കുവാനുപയോഗിച്ചതെന്നും. ഈ തുക ഫാ. വർഗീസ് തെക്കേക്കരയാണു കൊലയാളിക്കു നല്കിയതെന്നും ഇപ്പോൾ അന്വേഷണത്തിൽ വ്യക്തമായിരിക്കുകയാണ്. എന്നാൽ ഫാ. വർഗീസ് തെക്കേക്കരയുമായി വിഘടിത വിഭാഗത്തിന് ബന്ധമൊന്നുമില്ലെന്നു പറഞ്ഞ് അപമാനഭാരത്തിൽ നിന്നു രക്ഷപെടുവാൻ ശ്രമിക്കുകയാണ് വിഘടിതരുടെ നേതൃസ്ഥാനത്തുള്ളവർ. ഒരു മെത്രാപ്പോലീത്താ നേരിട്ടു കല്പനയിറക്കി സമാഹരിച്ച തുക ആരുമറിയാതെ മറ്റൊരാൾ വിനിയോഗിച്ചതെങ്ങനയെന്ന ചോദ്യമാണ് സാധാരണക്കാർ ഉന്നയിക്കുന്നത്.

യഥാർത്ഥ പ്രതി ആരാണെന്നു കൊലപാതകത്തിൽ അദ്ദേഹത്തിന്റെ പങ്ക് എന്തൊക്കെയെന്നും വ്യക്തമായിട്ടും ആ പ്രതിയെ അറസ്റ്റു ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ടവർ തയ്യാറാകുന്നില്ല എന്നുള്ളതും ദുരൂഹതയാണ്. പൗരോഹിത്യ പദവിയിലുള്ളവർക്ക് ശിക്ഷാനിയമങ്ങളിൽ പ്രത്യേക ഇളവുകളുള്ളതായി ഇന്ത്യൻ ശിക്ഷാനിയമത്തിൽ പറയുന്നില്ല. തൊട്ടടുത്തുള്ള തമിഴ്നാട്ടിൽ കാഞ്ചി മഠാതിപതിയെയും മറ്റും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതിനാൽ അറസ്റ്റു ചെയ്യുവാൻ ഭരണകർത്താക്കൾക്ക് യാതൊരു മടിയുമുണ്ടായില്ല.

2002-ൽ ഓർത്തഡോക്സ് സഭയിലെ വിഘടിത വിഭാഗം അക്രമപ്രവർത്തനങ്ങൾക്കു തുടക്കമിട്ടതും ഭീകരപ്രവർത്തനങ്ങൾക്കായി 'കേഫാ' എന്ന പ്രസ്ഥാനമാരംഭിക്കുകയും ചെയ്തപ്പോൾ തന്നെ ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കണമെന്ന് ഓർത്തഡോക്സ് സഭ അധികാരികളോടാവശ്യപ്പെട്ടിരുന്നു. എന്നാൽ സമുദായപരിഗണനയുടെ പേരിൽ അലംഭാവം പുലർത്തിയ ഭരണകൂടം ഈ സംസ്ഥാനത്ത് തീവ്രവാദപ്രവർത്തനങ്ങളും, ക്വട്ടേഷൻ സംഘങ്ങളും വളർന്നു വരുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് ചെയ്തത്. ഭരണകൂടത്തിന്റെ നിസംഗതയും അലംഭാവവും ഒരു സമൂഹത്തെയാകെ തകർച്ചയിലേക്കു നയിക്കുമെന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം.

എന്തായാലും വർഷങ്ങൾ നീണ്ട കാത്തിരിപ്പിനുശേഷം നീതിയുടെ വാതിലുകൾ തുറക്കപ്പെട്ടിരിക്കയാണ്. ദൈവനീതിക്കു ദാക്ഷിണ്യമില്ല എന്ന സത്യം ഒരിക്കൽ കൂടി ലോകത്തിനു ബോധ്യമായിരിക്കുന്നു. നിഷ്പക്ഷവും, നീതിയുക്തവുമായ അന്വേഷണം നടത്തിയാൽ യഥാർത്ഥ പ്രതികൾ പ്രതിപട്ടികയിൽ ഉൾപ്പെടുമെന്ന് തീർച്ച

–ഡോ. ജോർജ് ജോസഫ്

## മനനമാധുര്യം

# അസൂയയ്ക്കും മരുന്ന്!



**ഡോ. യാക്കോബ് മാർ ഐറേനിയസ്**

അസൂയ എന്ന ദോഷത്തിന് മരുന്നും സൗഖ്യവുമില്ലന്നാണ് പരമ്പരാഗതമായ വിലയിരുത്തൽ. ഈ സ്വഭാവവൈകൃതം രൂഢമൂലമായിക്കഴിഞ്ഞാൽ അത് പിഴുതുകളയുക എളുപ്പമല്ല എന്നു സാരം. ഈ ശീലം വച്ചുപുലർത്തുന്നവർ, ഇത് ഒരു ദോഷമാണെന്ന് തിരിച്ചറിയാതെ പോകുന്ന സ്ഥിതി എത്തുമ്പോഴേക്കും ഏറെ വഷളായിക്കഴിഞ്ഞിരിക്കും. ചരിത്രാതീതകാലം മുതൽ ആരംഭിച്ചതാണ് ഈ തിന്മ. അതിന്റെ നാൾവഴി ആദാമിൻ സന്തതിയാം കായേനിൽ തുടങ്ങുന്നു. ആദ്യ അസൂയയുടെ ഈ ആളിക്കത്തലിൽ സഹോദരൻ വെട്ടിനുറക്കപ്പെടുന്നു; അങ്ങനെ ആദ്യകൊലപാതകം അരങ്ങേറി. അസൂയ കൊലപാതകസമം (murderous) ആണെന്നതാണ് അതു നൽകുന്ന സൂചന. പില്ക്കാലത്ത് മരണകരമായ പാപങ്ങളുടെ പിടിയിൽ അസൂയ എന്ന ദുർഗുണം സ്ഥാനം പിടിച്ചത് അങ്ങനെയായിരിക്കണം.

മറ്റൊരുവൻ തന്നെക്കാൾ ഉയർന്നുവരുന്നതു കാണുമ്പോഴോ, അഥവാ ഉയരുമെന്നു സംശയിക്കുമ്പോഴോ അസൂയ ജനിക്കുന്നു. മദ്യപാനശീലത്തെക്കാൾ ആഴത്തിലുള്ള വേരുകളാണ് അസൂയയ്ക്കുള്ളത്. ഈ തിന്മ "സജ്ജന"ങ്ങളെപ്പോലും ബാധിക്കും! ഉദ്ദേശ്യശുദ്ധിയാലും നിശ്ചയദാർഢ്യത്താലും സ്വന്തം സ്വഭാവത്തിൽ നിന്നും തിന്മകളോ ഓരോന്നായി പിഴുതുകളയുന്ന മനുഷ്യൻ അവസാനം കൈവയ്ക്കുന്നത് അഹംഭാവ (pride) ത്തിലാണന്നു പറയപ്പെടുന്നു. അഹംഭാവവും അസൂയയും തമ്മിൽ വളരെയടുത്തു ബന്ധമുണ്ട്. സമൂഹത്തിൽ ഉയർന്ന പീഠികകളിൽ ഇരിക്കുന്നവരെ അസൂയ ബാധിച്ചാൽ അത് ഏറെ കുഴപ്പങ്ങൾ സൃഷ്ടിക്കും, കാരണം, ആരോടാണോ അസൂയയുള്ളത്, അവരെ ദ്രോഹിക്കാൻ "ഉയർന്ന'വർക്ക് കൂടുതൽ കഴിവുണ്ടാകും എന്നതു തന്നെ.

അസൂയയുടെ പാമ്പുകൾ അതിരുവിട്ടുകഴിഞ്ഞാൽ അപകടവും വർദ്ധിക്കും. സഹോദരനെ സ്നേഹിക്കാത്തവൻ കൊലപാതകനാണെന്ന് വി. യോഹന്നാൻ എഴുതി അസൂയ ജനിക്കുന്നിടത്ത് സ്നേഹവും കാരുണ്യവുമെല്ലാം മരിക്കുന്നു!

തന്നാലാവാത്തത് മറ്റൊരുത്തനു കഴിയും എന്നു വരുമ്പോൾ അസൂയ നാമ്പെടുക്കുന്നു. തന്നെക്കാൾ അവൻ വളർന്നുവലുതാകുമോ എന്ന ആശങ്ക, അസൂയയെ ശതഗുണീഭവിപ്പിക്കുന്നു. ഈ പ്രവണത മുളയിലേ നുള്ളുക എന്നത് പ്രതിവിധികളെന്താണ്. എന്നാൽ 'അസയാ'കർത്താവിനെ സ്വന്തം ദൗർബല്യത്തെപ്പറ്റി ബോദ്ധ്യമുണ്ടാവുക എന്നതാണ് പ്രഥമപടി. തന്റെ മനോവ്യാപാരങ്ങളുടെ അശുദ്ധി ഗ്രഹിക്കാൻ കഴിഞ്ഞാൽ മാനസാന്തരത്തിനു സാദ്ധ്യത തുറക്കും. അസൂയ നിർദ്ദയവും ക്രൂരവുമായ പ്രവർത്തികളിലേക്ക് വളർന്നുകഴിഞ്ഞാൽ ഒരു മടക്കം അനായാസകരമല്ല, കുറേക്കഴിഞ്ഞാൽ അസൂയപ്പെടുന്നത്. ഒരു തരം ജന്മാവകാശമായും, മറ്റൊരുത്തനെ ചവുട്ടിത്താഴ്ത്തുന്നത് കൗതുകജന്യമായ വിജയവുമായി തോന്നിത്തുടങ്ങി. ആ സ്ഥിതിയിൽ അസൂയ chronic ആയി എന്നു കരുതാം.

ശക്തനായവന്റെ അസൂയയ്ക്കുപാത്രമാകുന്നവൻ നിർദ്ദോഷിയും പ്രതികാരം ചെയ്യാത്തവനുമായാൽ, അസൂയക്കാരന് പണി എളുപ്പമായി.

എന്നാൽ, പ്രതിക്രിയാപ്രേമിയായ യഹോവ സ്വർഗ്ഗത്തിൽ നിന്നു നോക്കി നീതിമാനെയും ദുഷ്ടനെയും ന്യായം വിധിക്കുന്നവനാണല്ലോ. അസൂയക്കാരൻ തന്നെത്താൻ ഉയർത്താൻ ശ്രമിക്കുന്നവനാണ്. അവൻ ഒരിക്കലും ഉയരുകയില്ല. അസൂയയ്ക്കു പാത്രമായി, അതിന്റെ ഭാരത്താൽ അമർന്നുപോകുന്നവനെ ദൈവം ഉയർത്തുകയും ചെയ്യും.

അപ്പോൾ അസൂയയ്ക്കു മരുന്നില്ലേ? തീർച്ചയായുമുണ്ട്. അവനവൻ എന്താകണമോ, അത് ദൈവസഹായത്താൽ നടന്നുകൊള്ളാം എന്ന് ഉറച്ചു വിശ്വസിക്കണം. മറ്റൊരുത്തൻ ഉയരുന്നുവെങ്കിൽ അത് തനിക്കു നഷ്ടമുണ്ടാക്കുന്ന വിഷയമല്ല എന്നത് നല്ല ഒരു തിരിച്ചറിവാണ്. സങ്കീർത്തന ഭാഷയിൽ "ദൈവമേ" എന്റെ ഭാവി നിന്റെ കൈകളിലാണ് എന്ന് ഉരുവിടുകയും ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നവന്റെ മനസ്സിൽ നിന്നും അസൂയയുടെ വിഷവിത്തുകൾ മടുത്തുതുടങ്ങും. യഹൂദനേതാക്കൾ യേശുവിനെ കുറ്റം വിധിച്ചു കൊല്ലിച്ചതിന്റെ പ്രധാന ഹേതു അസൂയയായിരുന്നു എന്ന സത്യം തിരിച്ചറിയേണ്ടതാണ്. "ഞാൻ വരുന്നതുവരെയും അവൻ ഇരിക്കണമെന്നാണ് എന്റെയിഷ്ടമെങ്കിൽ, അത് നിനക്കെന്ത്?" എന്ന ശാസന അസൂയയ്ക്കും ധാരാളം മറുമരുന്നാണ്. എല്ലാവരെയും ഉയർത്തുകയും നടത്തുകയും ചെയ്യുന്നത് ദൈവമാണല്ലോ.

അസൂയ എന്ന തിന്മ നമ്മെ ഗ്രസിക്കാതിരിക്കട്ടെ! ●

> **മറ്റൊരുവൻ തന്നെക്കാൾ ഉയർന്നുവരുന്നതു കാണുമ്പോഴോ, അഥവാ ഉയരുമെന്നു സംശയിക്കുമ്പോഴോ അസൂയ ജനിക്കുന്നു. മദ്യപാനശീലത്തെക്കാൾ ആഴത്തിലുള്ള വേരുകളാണ് അസൂയയ്ക്കുള്ളത്. ഈ തിന്മ "സജ്ജന"ങ്ങളെപ്പോലും ബാധിക്കും!**

## ബാംഗ്ലൂരിൽ നേതൃത്വ ക്യാമ്പ്



*എം.ജി.ഒ.സി.എസ്.എം. കർണാടക ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ നേതൃത്വ പരിശീലന ക്യാമ്പ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.*

**സ്ഥാപകൻ**
പരി.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ
**രക്ഷാധികാരി**
പരി.ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ കാതോലിക്കാ ബാവ
**ചെയർമാൻ**
ഡോ. യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ
**ചീഫ് എഡിറ്റർ** - ഡോ. ജോർജ് ജോസഫ്
**എഡിറ്റർ** - ഡോ. ജോസ് പാറക്കടവിൽ
**കോ-ഓർഡിനേറ്റർ** - ശ്രീ. മാത്യു ചെറിയാൻ
**കോ-ഓർഡിനേറ്റിംഗ് എഡിറ്റർ**
പ്രൊഫ. പി.സി. ഏലിയാസ്
**അസോസിയേറ്റ് എഡിറ്റർ**
ഫാ.പ്രൊഫ. ഇ.എം. ഫിലിപ്പ്
**ട്രഷറർ**
ശ്രീ. ഏ.കെ. തോമസ്
**സബ് എഡിറ്റർ**
ഫാ. യൂഹാനോൻ ജോൺ
**സർക്കുലേഷൻ മാനേജർ**
ശ്രീ. സി.സി. ചെറിയാൻ
**അഡ്വർടൈസിംഗ് മാനേജർ**
ഫാ. ജോൺ ശങ്കരത്തിൽ
**ഉപദേശക സമിതി**
ഫാ.ഡോ. കെ.എം. ജോർജ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ. സാബു കുറിയാക്കോസ്, ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ശ്രീ. ജോർജ് വർഗീസ് ന്യൂഡൽഹി, ഡോ. കെ. രാജു ഫിലിപ്പ്, പ്രൊഫ. ജോസ് വി. കോശി, ഫാ. ബിജു ആൻഡ്രൂസ്, ശ്രീ. ചെറിയാൻ വർഗീസ്, ശ്രീ. തങ്കച്ചൻ കൊല്ലമല

## മികച്ച യുവജന പ്രസ്ഥാന യൂണിറ്റുകൾ

ആലുവ; കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ മികച്ച യൂണിറ്റുകളായി ഇന്ത്യക്കുള്ളിൽനിന്ന് കോട്ടയം, വാകത്താനം ജറുശലേം യൂണിറ്റും, വിദേശ ഇടവകകളിൽ അബുദാബി സെന്റ് ജോർജ് കത്തീഡ്രൽ യൂണിറ്റും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച സെക്രട്ടറിയായി അബുദാബി യൂണിറ്റ് സെക്രട്ടറി ബോബി ഈപ്പനും, യുവജനപ്രസ്ഥാന പ്രവർത്തനങ്ങളിൽ മികച്ച ഭദ്രാസനമായി ഡൽഹി ഭദ്രാസനത്തെയും തെരഞ്ഞെടുത്തു. ആലുവായിൽ നടന്ന യുവജനപ്രസ്ഥാന വാർഷിക കോൺഫറൻസിലാണ് പ്രഖ്യാപനമുണ്ടായത്.

## അകപ്പൊരുൾ

പോൾ മണലിൽ

# പെണ്ണും സ്വർണ്ണവും



ഇപ്പോൾ മിക്കവാറും എല്ലാ ദിവസവും വിലയേറുന്ന ഒരു സാധനമാണ് സ്വർണ്ണം. ഒരു ദിവസം നൂറു രൂപ കൂടിയാൽ പിറ്റേന്നു പത്തു രൂപ കുറയും. അതിന്റെ പിറ്റേന്ന് നൂറ്റിയമ്പതു രൂപ കൂടും. അങ്ങനെ ഉയർന്നും താന്നും നിന്നുകൊണ്ട് സ്വർണ്ണവില കുതിച്ചുകയറിക്കൊണ്ടിരിക്കുന്നു. അരിക്കോ, മണ്ണെണ്ണയ്ക്കോ, പഞ്ചസാരയ്ക്കോ വില കൂടിയാൽ മാത്രമേ നമുക്കു പ്രതിഷേധമുള്ളു. സ്വർണ്ണം, മദ്യം എന്നിത്യാദി സാധനങ്ങൾക്കു വിലകൂടിയാൽ സർക്കാരിനെതിരേ വഴിതടയലോ ധർണ്ണയോ മറ്റു സമരമുറകളോ ഇല്ല. ഇക്കാര്യത്തിൽ രാഷ്ട്രീയപാർട്ടികളുടെ നിലപാടുകൾ ഏതാണ്ട് ഒരുപോലെയാണ്.

സ്വർണ്ണവും മദ്യവും നമ്മുടെ നിത്യോപയോഗ സാധനങ്ങളല്ലാത്തതു കൊണ്ടാണ് ആരും പ്രതിഷേധിക്കാത്തതെന്നു കരുതേണ്ട. അരിയും പഞ്ചസാരയും വാങ്ങുന്നതുപോലെ നിത്യേന വാങ്ങുന്ന രണ്ടു സാധനങ്ങളാണ് മദ്യവും സ്വർണ്ണവും. ഞാൻ പറയുന്നതു മാലോകരുടെയെല്ലാം കാര്യമല്ല, നമ്മുടെ ആളുകളുടെ കാര്യമാണ്. ക്രിസ്തുമസും, ഈസ്റ്ററും, പുതുപ്പള്ളി പെരുന്നാൾ പോലെയുള്ള പുണ്യദിനങ്ങളും വരുമ്പോൾ ഒന്നു വീശാത്ത സത്യക്രിസ്ത്യാനി കുറവാണ്! ഈ ദിവസങ്ങളിൽ ആഹ്ലാദിക്കാൻ തലേന്നു മദ്യക്കടകളുടെ മുമ്പിൽ നാണംകെട്ട് നിൽക്കുന്നവരെ പലരും കണ്ടിട്ടുണ്ടാവും. ഞായറാഴ്ച പള്ളിയിൽ കാണാറുള്ള പലരെയും ഇത്തരം കടകൾക്കു മുമ്പിൽ കുടുംബസമേതം ഞാനും കണ്ടിട്ടുണ്ട്. റോഡിൽ കൂടി നടക്കുമ്പോൾ മദ്യക്കടയുടെ മുമ്പിൽ 'ക്യൂ' നിൽക്കുന്ന ഇവരെ കാണാൻ ഒരു രസം തോന്നിയിട്ടുണ്ട്. ഇപ്രകാരം ഭർത്താക്കന്മാർക്കു കുടിക്കാൻ ഒത്താശ നൽകുന്ന ഭാര്യമാരെക്കൊണ്ടും നമ്മുടെ സഭ 'അനുഗൃഹീത'മാണല്ലോ. മദ്യപിക്കുന്ന കെട്ടിയോന് തൊട്ടുനക്കാൻ അച്ചാറും കൊറിക്കാൻ കടലയും എടുത്തു കൊടുക്കുന്നതു ഭാര്യയുടെ ധർമ്മമായി മാറിയിട്ടുണ്ട്. മദ്യക്കടയുടെ മുമ്പിൽ ഭർത്താക്കന്മാർക്കു വേണ്ടി 'ക്യൂ' നിൽക്കുന്ന ഭാര്യമാരും മറ്റും അവരുടെ ഇത്തരം 'ധർമ്മങ്ങൾ' അധർമ്മമാണെന്നു തിരിച്ചറിയുന്ന കാലം വരുമെന്നേ എനിക്കു പറയാനുള്ളു.

ഞാൻ പറഞ്ഞു തുടങ്ങിയതു സ്വർണ്ണത്തെപ്പറ്റിയാണ്. സ്വർണ്ണത്തിനു എത്ര വിലയായാലും അതു വാങ്ങിക്കൂട്ടാനുള്ള ആഗ്രഹം എല്ലാവർക്കും ഉണ്ട്. സ്വർണ്ണത്തോട് സ്ത്രീകൾക്കാണ് ഏറെ കമ്പമുള്ളതെന്നു പറയാറുണ്ട്. അതു സ്ത്രീകളെ അപമാനിക്കുന്ന ഒരു പ്രസ്താവനയാണ്. സ്വർണ്ണത്തോട് ആണിനും പെണ്ണിനും ഒരുപോലെ കമ്പമുണ്ട്.

മദ്യം പോലെ തന്നെ ഒരു സാമൂഹിക വിപത്താണ് സ്വർണ്ണമെന്നു പറഞ്ഞാൽ സ്ത്രീകൾക്കു മാത്രമല്ല പുരുഷന്മാർക്കും എന്നോടു പുച്ഛം തോന്നരുത്. ആവശ്യത്തിനു സ്വർണ്ണം അണിയുന്നതിനോട് എനിക്ക് പൂർണ്ണയോജിപ്പാണുള്ളത്. എന്നാൽ സ്വർണ്ണം നമ്മുടെ കുടുംബജീവിതത്തിന്റെയും കുടുംബഭദ്രതയുടെയും അടിസ്ഥാന സങ്കല്പമായി മാറുന്നതിനോട് എനിക്കു ഒട്ടും യോജിപ്പില്ല. ഇതു പറയാൻ ഞാനാരാണെന്നു ചോദിച്ചേക്കാം. ഇതു പറയേണ്ടവർ ഇതു പറയാത്തതു കൊണ്ടാണ് ഞാനിതു പറയുന്നത്. മദ്യം പോലെ തന്നെ നമ്മുടെ കുടുംബത്തിന്റെ ഭദ്രതക്കും വൻ വിപത്താണ് സ്വർണ്ണം.

> **സ്വർണ്ണം നമ്മുടെ കുടുംബജീവിതത്തിന്റെയും കുടുംബഭദ്രതയുടെയും അടിസ്ഥാന സങ്കല്പമായി മാറുന്നതിനോട് എനിക്കു ഒട്ടും യോജിപ്പില്ല. ഇതു പറയാൻ ഞാനാരാണെന്നു ചോദിച്ചേക്കാം. ഇതു പറയേണ്ടവർ ഇതു പറയാത്തതു കൊണ്ടാണ് ഞാനിതു പറയുന്നത്.**

സ്വർണ്ണക്കടകൾ നമ്മുടെ വൈദികർ കൂദാശ ചെയ്യാറുണ്ട്. ഒരു വാണിജ്യസംരംഭമാകുമ്പോൾ ഇടവകയിലെ പട്ടക്കാരനു അതു ചെയ്യാതിരിക്കാൻ പറ്റില്ല. അതു പോലെ തന്നെയാണ് പണമിടപാടു സ്ഥാനങ്ങളുടെ കാര്യവും. സ്വകാര്യ ബാങ്കിംഗ് നടത്തുന്നവരോട് എനിക്ക് എതിർപ്പില്ല. എന്നാൽ പാവപ്പെട്ടവന്റെ കഴുത്തറക്കുന്നവരോട് എനിക്ക് എതിർപ്പുണ്ട്. ഇനിയും നമ്മുടെ സഭാംഗങ്ങൾ മദ്യക്കടകൾ തുടങ്ങിയാൽ അതു കൂടി വൈദികർ കൂദാശ ചെയ്തു കൊടുക്കേണ്ടി വരും. അജപാലന ദൗത്യം എന്തൊക്കെയാണെന്നു നാം മനസ്സിലാക്കിയാൽ നന്ന്. സിനിമാ നടിയും വാടകഗുണ്ടയും ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർ ചെയ്യേണ്ടതില്ല. ഇരുപതുവർഷം മുമ്പ് ഞാൻ ഒരു വീട് വച്ചപ്പോൾ ബഹുമാനപ്പെട്ട ഡോ. ജേക്കബ് കുര്യൻ അച്ചനെയാണ് പ്രാർത്ഥിക്കാൻ വിളിച്ചത്. അച്ചൻ അന്ന് ഇങ്ങനെയാണ് പ്രാർത്ഥിച്ചത്.

"ഈ വീട്ടിൽ ഉള്ളവരുടെ എല്ലാ നല്ല ആഗ്രഹങ്ങളും ദൈവമേ, നടത്തിക്കൊടുക്കേണമേ..."

ഇങ്ങനെ പ്രാർത്ഥിക്കാൻ വൈദികർക്കു ധൈര്യം വേണം. എനിക്കല്പം നീരസം തോന്നിയെങ്കിലും അച്ചൻ പറഞ്ഞതു ശരിയാണെന്നു പിന്നെ തോന്നി.

സഭാംഗങ്ങളുടെ നല്ല ആഗ്രഹങ്ങൾ മാത്രമെ സഭ നടത്തിക്കൊടുക്കാവൂ. പെണ്ണിനെ കെട്ടിക്കുമ്പോൾ ചെറുക്കന്റെ വീട്ടിലേക്ക് സ്വർണ്ണവുമായി ചെല്ലുന്നതു സ്വാഗതം ചെയ്യാത്ത ഓർത്തഡോക്സുകാരില്ല. എന്നാൽ അമിതമായി സ്വർണ്ണം അണിയിപ്പിച്ചുകൊണ്ട് പെണ്ണിനെ പള്ളിയിലേക്ക് കൊണ്ടുവരുന്നതു കുറ്റകരമായ ധൂർത്താണെന്നു വൈദികർ പറയണം. ആ പ്രവണത സഭ അവസാനിപ്പിക്കണം.

കുടുംബസ്വത്തായോ മറ്റോ സ്വർണ്ണം നൽകി പെണ്ണിനെ കെട്ടിച്ചയക്കുമ്പോൾ, ആ പെണ്ണ് ചെന്നു ചേരുന്ന വീടിനു പോലും സമാധാനം കിട്ടാത്ത കാലമാണിത്. കാരണം സ്വർണ്ണവുമായി ആർക്കും ഇക്കാലത്ത് സമാധാനത്തോടെ വീട്ടിൽ കിടന്നുറങ്ങാൻ കഴിയില്ല.

കല്യാണം നടത്തുമ്പോൾ പെണ്ണിനു സ്വർണ്ണം നൽകുന്ന രീതി നമുക്ക് അവസാനിപ്പിക്കാൻ കഴിയുമോ? സ്വർണ്ണത്തോടുള്ള ഭ്രമം അവസാനിപ്പിക്കാൻ ഇതൊരു വഴിയാണ്.

പെണ്ണിനു നൽകേണ്ട യഥാർത്ഥ കുടുംബസ്വത്ത് കുറച്ചു സ്വർണ്ണം വാങ്ങിക്കൊടുത്തു തീർക്കുന്നതിനു പകരം മറ്റെന്തെങ്കിലുമായി നൽകാൻ കഴിയുമോ എന്ന് ചിന്തിക്കേണ്ടതാണ്. മദ്യവും മയക്കുമരുന്നും പോലെ സ്വർണ്ണവും ഒരു വിപത്താണെന്നു മനസ്സിലാക്കി ഈ രീതിയിൽ ചിന്തിക്കാൻ ഞാനപേക്ഷിക്കുന്നു.

യഹോവയുടെ ക്രോധദിവസത്തിൽ വെള്ളിക്കും പൊന്നിനും ജനത്തെ രക്ഷിക്കാൻ കഴിയില്ലെന്നു പ്രവാചകനായ സെഫന്യാവ് പറഞ്ഞിട്ടുണ്ട്. യെഹെസ്കേൽ പ്രവാചകൻ പറഞ്ഞതു, ന്യായവിധിക്കാലത്തു ജനങ്ങൾ അവരുടെ വെള്ളി വീഥികളിൽ എറിഞ്ഞുകളയുമെന്നാണ്. പൊന്ന് അവർക്കു മലമായി തോന്നും. ഞാൻ യെഹെസ്കേൽ പ്രവാചകന്റെ വചനങ്ങൾ കടമെടുത്തു പറയട്ടെ, പൊന്നു കൊണ്ട് നമ്മുടെ വയർ നിറയുകയില്ല. വിശപ്പ് അടങ്ങുകയുമില്ല. പൊന്നും വെള്ളിയും നമുക്കു അകൃത്യഹേതുക്കളാകുന്നു. ആഭരണങ്ങളുടെ ഭംഗി മണവാട്ടിയുടെ ഡംഭിനായി പ്രയോഗിക്കുന്നതു തെറ്റാണെന്നു സഭ പഠിപ്പിക്കണം. അമിതമായി അണിയുന്ന ആഭരണങ്ങൾ അഴിച്ചു മാറ്റിയിട്ടു മതി മിന്നുകെട്ടെന്ന് പറയാൻ ആർക്കാണ് ധൈര്യം? •

# ബ്രഹ്മവാർ ഭദ്രാസന രൂപീകരണം

പ്രൊഫ. സി.എ. ചാക്കോ, ചാത്തംങ്കരി

ദീർഘനാളായി ആവശ്യമായിരുന്ന ബ്രഹ്മവാർ, നിലയ്ക്കൽ തുടങ്ങിയ ഭദ്രാസനങ്ങൾ സാക്ഷാത്കരിക്കപ്പെടുമെന്നുള്ളത് പുരോഗമനപരവും അഭിനന്ദനാർഹവുമാണ്. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ നേതൃത്വത്തിൽ, 1889-ൽ സ്ഥാപിതമായ ബ്രഹ്മവാർ ഭദ്രാസനത്തിന്റെ ഭരണഭാരം, അതിനായി പഴയസെമിനാരിയിൽ വച്ച് വാഴിക്കപ്പെട്ട അൽവാറീസ് മാർ യൂലിയോസ് തിരുമേനിയാൽ നിക്ഷിപ്തമായി.

കത്തോലിക്കാ സഭയിൽ നിന്ന് നമ്മുടെ സഭയിലേക്ക് പുനരൈക്യപ്പെട്ട അയ്യായിരത്തിൽ പരം കുടുംബങ്ങൾ ഗോവ, മംഗലാപുരം, തിരുനൽവേലി, തൂത്തുക്കുടി പ്രദേശങ്ങളിലായി തിരുമനസ്സിലെ കീഴിലുണ്ടായിരുന്ന ഇടവകകളിലായിരുന്നു. 1923-ൽ അരാവാറിസ് തിരുമേനി കാലം ചെയ്തശേഷം കത്തോലിക്കരുടെയും, പാത്രിയർക്കീസ് പക്ഷക്കാരുടെയും സ്വാധീനത്തിലും, മറ്റ് ചിലകാരണത്താലും കുറെ സഭാംഗങ്ങൾ നമുക്ക് നഷ്ടപ്പെട്ടു എന്നാലും, പുണ്യശ്ലോകരായ ചില വൈദീകർ, ആ ഇടവകകളുടെ മേൽനോട്ടം കാര്യക്ഷമമായി നിർവ്വഹിച്ചു. അടുത്തകാലത്ത് റവ. ഡോ. എൻ.ജെ. തോമസ് റമ്പാച്ചനും, അവരുടെ മേൽനോട്ടം സ്തുത്യർഹമായി നടത്തി. അടുത്തയിടെ പാത്രിയർക്കീസ് പക്ഷം ഹോണാവാർ പ്രദേശത്തേക്ക് ഒരു മെത്രാനെ വാഴിച്ചിട്ടുണ്ട്.

കൊങ്ങിണിഭാഷക്കാരായ ഈ ഭാഗത്തെ നമ്മുടെ സഭാംഗങ്ങളെ ഉദ്ധരിക്കുന്നതിന് ബ്രഹ്മവാർ ഭദ്രാസനരൂപീകരണം വളരെ സഹായകരമാണ്. ആ ഭാഷാ പ്രദേശങ്ങളിൽ നിന്ന് കൂടുതൽ പട്ടക്കാരുണ്ടാകുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. മംഗലാപുരത്തുള്ള നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കും പുതിയ ഭദ്രാസനം വളരെ പ്രയോജനപ്രദമാണ്.

കാസർഗോഡ്, കണ്ണൂർ പ്രദേശങ്ങളിലെ ചുരുക്കം ചില ഇടവകക്കാർക്ക് പുതിയ ഭദ്രാസനം ആശ്വാസമായേക്കും. ഇപ്പോൾ മലബാർ ഭദ്രാസനത്തിലുള്ള ഈ ഇടവകക്കാർക്കും പട്ടക്കാർക്കും കോഴിക്കോട് അരമനയിലെത്തുന്നതിനും തിരികെ പോകുന്നതിനും 2 ദിവസത്തെ യാത്രാക്ലേശമുണ്ടെന്നുള്ള പരാതി പറയുന്നത് കേട്ടിട്ടുണ്ട്. മലബാർ ഭദ്രാസനത്തിലെ വടക്കൻ ഭാഗങ്ങളിലെ പള്ളികൾ പുതിയ ഭദ്രാസനത്തിലായാൽ അവർക്കും അത് സൗകര്യപ്രദമായേക്കും.

80-ൽ കൂടുതൽ ഇടവകകളുള്ള ഭദ്രാസനങ്ങൾ വിഭജിക്കുന്നതും വികസനസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കുന്നതും ആലോചനാർഹങ്ങളാണ്. പ. മാർത്തോമ്മാ ശ്ലീഹായുടെ പ്രവർത്തനകേന്ദ്രങ്ങളായ നിരണവും, നിലയ്ക്കലും ഭദ്രാസന കേന്ദ്രങ്ങളാകുന്നതുപോലെ, കന്യാകുമാരി ജില്ലയിലെ തിരുവിതാംകോടും ഭദ്രാസന കേന്ദ്രമാക്കുന്നത് ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് സഭയിൽ നിന്ന് വേർപ്പെട്ടുപോയ ഒരു സമൂഹം 10 വർഷം മുമ്പ് കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡം കേന്ദ്രമായി പ്രവർത്തിച്ച് പല പ്രകാരേണ വർദ്ധിച്ച പുരോഗതി പ്രാപിച്ചു. തമിഴ്നാട്ടിലെ ആ ജില്ലയിൽ, കൂടുതൽ പ്രവർത്തന സാദ്ധ്യതയുള്ളതിനാൽ, പാലവിള തിരുനൽവേലി (ബഥേൽപുരി, അബലംഗ്രാമം), തൂത്തുക്കുടി മിഷ്യനുകൾ കൂടി ഉൾപ്പെട്ട ഒരു തിരുവിതാങ്കോട് ഭദ്രാസനത്തിന് കൂടുതൽ വികസന പ്രവർത്തനങ്ങൾ കണ്ടേക്കാം.

# ഉമേഷ് ബാബുവില്ലാതെ ഒരു പരിസ്ഥിതിദിനം

പത്തനംതിട്ടയ്ക്കു സമീപമുള്ള നരിയാപുരം എന്ന കൊച്ചുഗ്രാമം ഏതാനും വർഷങ്ങളായി പരിസ്ഥിതി ദിനത്തിൽ വാർത്തകൾക്കിടയിലെ സാന്നിദ്ധ്യമായിരുന്നു നരിയാപുരം ജംഗ്ഷനു സമീപമുള്ള മഠത്തിൽ കുടുംബാംഗമായ എം.എസ്. ഉമ്മൻ. ടാഗോർ കഥാപാത്രമായ ഉമേഷ് ബാബുവിന്റെ പേരു സ്വീകരിച്ചുകൊണ്ട് പരിസ്ഥിതി രംഗത്തു പ്രവേശിച്ചത്. 1987-ലാണ്. പരസ്യ കമ്പനിയിലെ ജോലി രാജിവച്ച് പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണം ജീവിതവ്രതമാക്കിയ ഉമേഷ് തറവാടു സ്വത്തായ ഭൂമിയിലെ റബ്ബർ മരങ്ങൾ വെട്ടിമാറ്റി വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ടാണ് വിശ്വദർശനം എന്ന പ്രസ്ഥാനമാരംഭിച്ചത്. വിശ്വദർശനം തേടി മറുനാട്ടുകാരും വിദേശികളും എത്തിത്തുടങ്ങിയതോടെ സ്വന്തം നാട്ടുകാരും ഉമേഷിനു പിന്തുണ നല്കി. കേരളത്തനിമ പുലർത്തുന്ന ജീവിതരീതി, കേരളീയ ഭക്ഷണം, ജൈവകൃഷി ഇവയിലൊക്കെ പരിശീലനം നല്കുന്ന കേന്ദ്രവുമായിരുന്നു, വിശ്വദർശനം.

എല്ലാ വർഷവും ജൂൺ 5-ന് പരിസ്ഥിതിദിനത്തിൽ വിശ്വദർശനം വിവിധ പരിപാടികൾ സംഘടിപ്പിച്ചുപോന്നു വിദ്യാർത്ഥികളും സന്ദർശകരും അവിടെ പരിപാടികളിൽ സംബന്ധിക്കുവാനെത്തിയിരുന്നു. കാളവണ്ടിയിൽ സഞ്ചരിച്ച് ഉമേഷ്ബാബു നടത്തിയ പരിസ്ഥിതി സന്ദേശ യാത്രയും സൈലന്റ് വാലിയിലേക്കു നടത്തിയ പദയാത്രയും ഏറെ ശ്രദ്ധിക്കപ്പെട്ടു.

1997-ൽ ഡൽഹിയിൽ നടന്ന ലോക പരിസ്ഥിതി കോൺഗ്രസിൽ മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള പുരസ്കാരം ഉമേഷ്ബാബുവിനു ലഭിച്ചു. 2009-ൽ ഹരിശ്രീ അവാർഡും ലഭിച്ചു. കോമൺവെൽത്ത് ഹ്യൂമൻ ഇക്കോളജി കൗൺസിൽ, നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷൻ എന്നിവയിൽ വിശിഷ്ടാംഗത്വമുണ്ട്.

ഹൃദ്രോഗബാധയെത്തുടർന്ന് 60-ാം വയസിൽ മെയ് 18-ന് അന്തരിച്ച ഉമേഷിന്റെ ശവസംസ്കാരം നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. തിരുവനന്തപുരം ഒറ്റതൈക്കൽ കുടുംബാംഗമായ ഭാര്യ ജസി ഉമേഷിന്റെ പ്രവർത്തനങ്ങളിൽ സഹധർമ്മിണിയായി ഒപ്പമുണ്ടായിരുന്നു. മക്കൾ: ഫെനി, ഫിമി, മരുമക്കൾ: ബൈജു ഏബ്രഹാം. •

# വാർത്തകളിലെ വ്യക്തികൾ

### ഫാ. സൈമൺ സ്കറിയ റാന്നി ഹോളിട്രിനിറ്റി ആശ്രമം സുപ്പീരിയർ



റാന്നി ഹോളിട്രിനിറ്റി ആശ്രമ സുപ്പീരിയറായി ഫാ. സൈമൺ സ്കറിയായെ ആശ്രമ ചാപ്റ്റർ തെരഞ്ഞെടുത്തു. പരുമല സെമിനാരി അസി. മാനേജരായി പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ഓമല്ലൂർ സെന്റ് തോമസ് പള്ളി ഇവടകാംഗമാണ്.

### ക്രിസ് ജോർജ് തെക്കേടത്തിന് കൺസിസ്റ്റൻസി അവാർഡ്



കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകാംഗമായ ക്രിസ് ജോർജിന് ആസ്ത്രേലിയയിലെ സിഡ്നി വൊളോങ്ങോങ്ങ് യൂണിവേഴ്സിറ്റിയിൽ നിന്നും ജീവശാസ്ത്ര പഠനത്തിൽ ഉന്നതമായ അവാർഡ് ലഭിച്ചു. ദേവലോകം തെക്കേടത്ത് തമ്പാന്റെയും, ഗീതയുടെയും മകനാണ്.

## തെക്കൻ പരുമല സെന്റ് ഗ്രീഗോറിയോസ് വലിയപള്ളി ജൂബിലി സമാപിച്ചു



തിരുവനന്തപുരം: പേരൂർക്കട തെക്കൻപരുമല സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയപള്ളിയുടെ ജൂബിലി സമ്മേളനം മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. പി.ജി. ജോസ്, ഫാ. കോശി ജോൺ, ഫാ. കോശി അലക്സാണ്ടർ ആഷ്ബി, ഫാ. സി. ഗീവർഗീസ് അഞ്ചൽ, സി. ക്രിസ്റ്റീന, പി.ജി. ജോർജ്, കെ.പി. മത്തായി, അലക്സാണ്ടർ വർഗീസ്, ഫാ. സി. കോശി, ഫാ. മാത്യു ഏബ്രഹാം, ഫാ. സാമുവൽ മാത്യു എന്നിവര് പ്രസംഗിച്ചു. മുൻ വികാരിമാർ, 80 വയസ് തികഞ്ഞ ഇടവകാംഗങ്ങൾ, ഇടവകയിൽ 25 വർഷം സൺഡേസ്കൂൾ അധ്യാപകരായി സേവനം അനുഷ്ഠിച്ചവർ, സൺഡേസ്കൂൾ പ്രതിഭകൾ എന്നിവരെ ആദരിച്ചു. വിവാഹ സഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, മലയോര മിഷന് സഹായം, കാരുണ്യാ വിശ്രാന്തി ഭവന സഹായം, മാനസികാരോഗ്യ കേന്ദ്രത്തിന് സഹായം, ആശ്രയ ബാലിക ഭവന് സഹായം മറ്റ് അനേക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു സഹായം നല്കാൻ ജൂബിലി വർഷത്തിൽ സാധിച്ചു.

## പരി. ബാവാതിരുമേനി അനുശോചിച്ചു

കോട്ടയം: മംഗലാപുരത്ത് അനേകരുടെ മരണത്തിനിടയാക്കിയ എയർ ഇന്ത്യാ വിമാനാപകടത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ അനുശോചനമറിയിച്ചു. മരിച്ചവരുടെ ആത്മാക്കളുടെ നിത്യശാന്തിയ്ക്കുവേണ്ടിയും, മരിച്ചവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും പള്ളികളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി.



*ബാലസമാജം തിരുവനന്തപുരം ഭദ്രാസന വാർഷികം നല്ലില സെന്റ് ഗബ്രിയേൽ ഓർത്തഡോക്സ് വലിയ പള്ളിയിൽ ഇടവക മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്യുന്നു.*

## ‘ഹരിത സഭ’: പരിസ്ഥിതി കമ്മീഷൻ രൂപീകരിച്ചു

കോട്ടയം: സഭയിലെ വിവിധ പ്രസ്ഥാനങ്ങളുടെയും ഇടവകകളുടെയും നേതൃത്വത്തിൽ നടത്തിവരുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായിട്ടും ഹരിത സഭ ആശയം പ്രവർത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി കുര്യാക്കോസ് മാർ ക്ലീമീസ് (പ്രസിഡന്റ്), ഡോ. ജോസഫ് മാർ ദീവന്നാസിയോസ് (വൈസ് പ്രസിഡന്റ്), ഫാ. ബിജു മാത്യു (ജെ. സെക്രട്ടറി), ഡോ. ജോർജ് കോശി, പ്രൊഫ. മേരി മാത്യു (സെക്രട്ടറിമാർ), പ്രൊഫ. വി.ടി. തോമസ് (കൺവീനർ) ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. ജോർജ് ജോസഫ്, ഫാ. എം.സി. കുര്യാക്കോസ്, ഫാ. സഖറിയാ നൈനാൻ, ഡോ. ജേക്കബ് മണ്ണുമ്മൂട്, റ്റി.കെ. പൗലോസ്, ഡോ. സൂസൻ ജോസ്, ഡോ. മാത്യു ഡാൻ, മാത്യു ശങ്കരത്തിൽ, പ്രൊഫ. പി.സി. ഏലിയാസ് എന്നിവർ ഉൾപ്പെടെ 17 അംഗം പരിസ്ഥിതി കമ്മീഷനും, ഫാ. ഡോ. കെ. ജോർജ് (ചെയർമാൻ), പ്രൊഫ. പി.സി. ഏലിയാസ് (സെക്രട്ടറി), ഡോ. ജോർജ് വി. തോമസ്, ഡോ. മാത്യു ജോർജ്, ക്രിസ് തോമസ്, ഡോ. കുര്യൻ അലക്സാണ്ടർ, പോൾ മണലിൽ, ഡോ. മാത്യു കോശി, പ്രൊഫ. ഫിലിപ്പോസ് ജോഷ്വാ എന്നിവർ ഉൾപ്പെട്ട ഉപദേശക സമിതിയും രൂപീകരിച്ചു.

## ഡോ. രാജരത്നത്തിന്റെ വേർപാടിൽ W .C.C. അനുശോചിച്ചു



അർപ്പിതമായ സേവനം കൊണ്ട് എക്യുമെനിക്കൽ രംഗത്ത് നിസ്തുല സംഭാവനകൾ നൽകിയ ഡോ. കെ. രാജരത്നത്തിന്റെ വേർപാടിൽ ഡബ്ല്യു. സി.സി. സെക്രട്ടറി ഒലാവ് ഫൈക്സ്റ്റ്വയിറ്റ് അനുശോചിച്ചു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡന്റായും സെനറ്റ് ഓഫ് സെറാംപൂറിന്റെ ചാൻസിലറായും പ്രവർത്തിച്ചിരുന്ന രാജരത്നം ഇന്ത്യയിൽ ദളിതരുടെ ഉന്നമനത്തിനായി വളരെയധികം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ഇന്ത്യൻ സാമ്പത്തിക ശാസ്ത്രത്തിന്റെ ആധുനിക കാലത്ത് നൂതന ഭാവങ്ങൾ നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തിരുപ്പതി സ്വദേശിയായ ഡോ. രാജരത്നം ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ നിന്നും ഡോക്ടറേറ്റ് നേടി. പിന്നീട് മദ്രാസ് ക്രിസ്ത്യൻ കോളജ്, ആന്ധ്രാ ക്രിസ്ത്യൻ കോളജ്, മദ്രാസ് യൂണിവേഴ്സിറ്റി തുടങ്ങിയ പ്രശസ്ത കോളജിലെ അദ്ധ്യാപകനായിരുന്നു. അദ്ദേഹം തുടങ്ങിയ സെന്റർ ഫോർ ന്യൂ ഇന്റർ നാഷണൽ എക്കണോമിക്സ് ഓർഡർ വളരെ പ്രശസ്തമായ സ്ഥാപനമാണ്.

## ഹെയ്ത്തിയ്ക്ക് സാന്ത്വനമായി ദുബായ് യുവജന പ്രസ്ഥാനം



ദുബായ്: സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രല് യുവജന പ്രസ്ഥാനം റെഡ്ക്രസന്റ് ദുബായിയുമായി സഹകരിച്ച് ഭൂകമ്പം സർവ്വനാശം വിതച്ച ഹെയ്ത്തിയിലേക്കുള്ള സഹായം പള്ളിയങ്കണത്തിൽ വച്ച് പൊതു ചടങ്ങിൽ കൈമാറി. ഇടവക ജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച ഏകദേശം 30 ലക്ഷം രൂപയുടെ പുതുവസ്ത്രങ്ങൾ, മരുന്നുകൾ, ഭക്ഷണസാമഗ്രികൾ എന്നിവയും ഇടവകയുടെ സഹായമായി 5 ലക്ഷം രൂപയും റെഡ്ക്രസന്റ് മാനേജർ ശ്രീ. മുഹമ്മദ് അബ്ദുൾ അൽ സറൂണി വികാരി ഫാ. ബിജു പി. തോമസിൽ നിന്നും ഏറ്റുവാങ്ങി. റെഡ്ക്രസന്റ് അംഗം മുഹമ്മദ് കമാൽ, സഹവികാരി ഫാ. പത്രോസ് ജോയി, സോണൽ പ്രസിഡന്റ് ഫാ. അജു ഏബ്രഹാം, ട്രസ്റ്റി റോബിൻസൺ പണിക്കർ, സെക്രട്ടറി മേരിദാസൻ തോമസ്, ചെറിയാൻ പി. തോമസ്, റിനു തോമസ്, ജോൺ പി. ജോർജ്, മനോജ് തോമസ്, അബി പൗലോസ്, ബിന്നി മാത്യു എന്നിവർ സംസാരിച്ചു.

## ജീവിതത്തിൽ നഷ്ടമായതെല്ലാം തിരിച്ചു നല്കാൻ യേശുവിനു കഴിയും: കഥാകൃത്ത് ടി. പത്മനാഭൻ



ദുബായ്: സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ലോക പുസ്തകദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സാഹിത്യ ശില്പശാല മലയാളത്തിന്റെ പ്രിയ ചെറുകഥാകൃത്ത് ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. ജീവിതത്തിൽ നഷ്ടപ്പെട്ടത് നല്കാൻ യേശുദേവന് കഴിയും. തന്റെ ജീവിതത്തിന് യേശുദേവനുമായി കാര്യമായ ബന്ധമുണ്ട്. അതിന് താൻ അനുഭവസ്ഥനാണ്. ക്രിസ്തീയ സഭകൾ എന്നും നല്ല പ്രചോദനമാണ് തനിക്ക് തന്നിട്ടുള്ളത്. സാഹിത്യകാരന് ധിക്കാരം നല്ലതല്ല. പക്ഷെ ഒരു വിഷാദമനസ് ആവശ്യമാണ്. വായനവളർത്തുവാൻ വായനശാലകൾ നവീകരിക്കുകയും പുസ്തകം തേടി യാത്രചെയ്യുകയും വേണം. നല്ല എഴുത്തുകാരനെ വായനക്കാർ സ്വീകരിക്കുമെന്നും ടി. പദ്മനാഭൻ ഉദ്ഘാടനം പ്രസംഗത്തിൽ പറഞ്ഞു. വികാരി ഫാ. ബിജു പി. തോമസ്, പി.കെ. പാറക്കടവ്, ടി.എൻ. പ്രകാശ്, എം. രാജൻപണിക്കർ, എ. മുഹമ്മദ്, മേരിദാസൻ തോമസ്, ജോൺ പി. ജോർജ്, മനോജ് തോമസ് എന്നിവർ പ്രസംഗിച്ചു.

## അമ്മമാരെ ആദരിച്ച് മാതൃസ്മരണ



അമ്മമാർ അവഗണിക്കപ്പെടേണ്ടവരല്ല മറിച്ച് ആദരിക്കപ്പെടേണ്ടവരാണ് എന്ന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ലോകമാതൃദിനത്തോടനുബന്ധിച്ച് 2010 മെയ് 14 വെള്ളിയാഴ്ച മാതൃസ്മരണകൾ എന്ന പരിപാടി സംഘടിപ്പിച്ചു. ചടങ്ങിന് ഇടവകയിലെ മുതിന്ന അമ്മമാർ ദീപം തെളിയിച്ചു. സഹവികാരി ഫാ. പത്രോസ് ജോയി അദ്ധ്യക്ഷത വഹിച്ചു. ഹെലൻ ബിജു തോമസ്, ഫാ. അജു ഏബ്രഹാം, അനു മാത്യൂസ്, ജിഷി ബിന്നി, ലിനി സുരേഷ്, അനിറ്റ് എലിസബേത്ത് എന്നിവർ പ്രസംഗിച്ചു.

# ഓർത്തഡോക്സ് സഭയുടെ പെരുന്നാൾ ആചരണശൈലി എല്ലാ മതസ്ഥർക്കും മാതൃക: മേയർ

തിരുവനന്തപുരം: പള്ളി പെരുന്നാൾ ആചരണം ആർഭാടരഹിതമാക്കി ഭക്തിപുരസരം ആചരിച്ചുകൊണ്ട് സമൂഹത്തിൽ തീരാദു:ഖവും വേദനയും അനുഭവിക്കുന്ന ക്യാൻസർ രോഗികളെപ്പോലെയുള്ള അശരണർക്കു ഭക്തജനങ്ങൾ ഒന്നിച്ചു ചേർന്നു ആശ്വാസവും സ്നേഹവും പകരുന്ന നന്തൻ കോട് ഓർത്തഡോക്സ് ദേവാലയത്തിന്റെ പ്രവർത്തന ശൈലി എല്ലാ മതസ്ഥർക്കും മാതൃകയാകേണ്ടതാണെന്ന് തിരുവനന്തപുരം മേയർ സി. ജയൻ ബാബു പ്രസ്താവിച്ചു.

നന്തൻ കോട് സെന്റ് ഗ്രീഗോറിയോസ് പള്ളിയുടെ മാർ ഗീവർഗീസ് സഹദായുടെ പെരുന്നാളിൽ നേർച്ചയായി ലഭിച്ച മൂന്നര ലക്ഷം രൂപയും കാരുണ്യ ഗൈഡൻസ് സെന്ററിന്റെ ഒരു ലക്ഷം രൂപയും അശരണരായ ക്യാൻസർ രോഗികൾക്കു വിതരണം ചെയ്ത് ക്യാൻസർ കെയർ പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവാഹത്തിനു പന്തലിടാൻ മാത്രം അമ്പതു ലക്ഷം രൂപായ്ക്കു മുകളിൽ ചിലവഴിക്കുന്നതു ഈ നഗരത്തിൽ താൻ നേരിൽ കാണുമ്പോൾ,അംഗസംഖ്യ കൊണ്ട് ഏറ്റവും ചെറുതായ ഈ ഓർത്തഡോക്സ് ദേവാലയം വിശക്കുന്ന എല്ലാവർക്കും എല്ലാ ദിവസവും അത്താഴവിരുന്ന് നല്കുക, ആരോരുമില്ലാത്തവരെ സിറ്റിയുടെ പല കേന്ദ്രങ്ങളിൽ നടത്തുന്ന ഷെൽട്ടറുകളിൽ താമസിപ്പിച്ച് ആഹാരവും വസ്ത്രവും മരുന്നും സൗജന്യമായി നല്കുക, ചേരി പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പും വൈദ്യസഹായവും എത്തിക്കുക, ഭവനസഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, അശരണ കുടുംബങ്ങളെ ദത്തെടുക്കൽ തുടങ്ങിയ അനവധി ജീവകാരുണ്യ പ്രവർത്തന പദ്ധതികൾ നടത്തുമ്പോൾ മിക്കവാറും എല്ലാ പരിപാടികളും പങ്കെടുക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. മറ്റ് ഏതു പരിപാടികൾ ഒഴിവാക്കിയാലും ഈ ദേവാലയത്തിന്റെ എല്ലാ സംരംഭങ്ങളിലും സംബന്ധിക്കുന്നതു ഭാഗ്യകരമായ മുഹൂർത്തങ്ങളായിട്ടാണ് ഞാൻ കരുതുന്നത്. അഞ്ചു വർഷങ്ങൾക്കു മുമ്പ് ചെറിയ ഒരു ഹാളിൽ ആരംഭിച്ച ഈ ഓർത്തഡോക്സ് പള്ളി അന്നുമുതൽ പുതിയ ദേവാലയ നിർമ്മിതിക്ക് ഒരു രൂപ പോലും പൊതുജനത്തിൽ നിന്നും പിരിച്ചെടുത്തിട്ടില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ പ്രവർത്തന ശൈലിക്കു നേതൃത്വം നൽകുന്ന ഓർത്തഡോക്സ് സഭാ നേതൃത്വം സമൂഹത്തിന്റെ മുക്തകണ്ഠമായ അഭിനന്ദനം അർഹിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിച്ചു. ക്യാൻസർ കെയർ വിതരണം നടത്തിയ സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, റീജണൽ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യൻ, ജോൺ മുണ്ടക്കയം, മറിയാമ്മ ഉമ്മൻ ചാണ്ടി, വികാരി ഫാ. ടി.ജെ. അലക്സാണ്ടർ, ട്രസ്റ്റി കെ.വി. തോമസ്, സെക്രട്ടറി വി.ജി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

## ജ്യോതിസ് 2010



ആലുവ: യുവജനപ്രസ്ഥാനം യു.എ.ഇ. സോണിന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ജ്യോതിസ് 2010 എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുക 101 നിർദ്ധനർക്ക് സൗജന്യ നേത്ര ചികിത്സ നൽകുന്നതിനായി ശാസ്താംകോട്ട എം.ടി.എം.എം.എം. ആശുപത്രിക്ക് നൽകി. ആലുവായിൽ നടന്ന യുവജന പ്രസ്ഥാനത്തിന്റെ 74–ാം അന്തർദേശീയ സമ്മേളനത്തിൽ യു.എ.ഇ. സോണൽ സെക്രട്ടറി അബി പൗലോസ് പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തായിക്ക് നൽകുകയും, തിരുമേനിയിൽ നിന്ന് കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി ഏറ്റുവാങ്ങി എം.ടി.എം.എം. ആശുപത്രി ഭാരവാഹികൾക്കു നൽകുകയും ചെയ്തു. നോമ്പിലെ മുപ്പത്തിയാറാം ഞായറാഴ്ചയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് യു.എ.ഇ.യിലെ 7 യൂണിറ്റുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സമ്മേളനത്തിൽ സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ഫാ. ജേക്കബ് മാത്യു ചന്ദ്രത്ത്, ഫാ. സ്പെൻസർ കോശി തുടങ്ങിയവർ പങ്കെടുത്തു. ഈ പദ്ധതിയിൽ സഹകരിച്ച എല്ലാ യൂണിറ്റുകൾക്കും സോണൽ പ്രസിഡന്റ് ഫാ. അജു ഏബ്രഹാം നന്ദി രേഖപ്പെടുത്തി.



*കല്ലൂങ്കത്ര മണലേൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയോടു ചേർന്ന് പണി പൂർത്തീകരിച്ച ഹാളിന്റെ ഉദ്ഘാടനം പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു. വികാരി ഫാ. കെ.എം. സഖറിയാ, ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഫാ. കുര്യൻ തോമസ്, ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, തോമസ് ചാഴികാടൻ എം.എൽ.എ., ബ്ലോക്ക് മെമ്പർ ഏ.കെ. ആലിച്ചൻ, ആർപ്പൂക്കര പഞ്ചാ. പ്രസിഡന്റ് മുരളീധരൻ നായർ, ഫാ.ഡോ. കെ.എം. ജോർജ്, ഫാ. പി.കെ. സഖറിയാ പെരിയോർമറ്റം, വി.എൻ. വാസവൻ എം.എൽ.എ. എന്നിവർ സമീപം.*

## കുഞ്ഞുങ്ങളെ ദൈവാശ്രയ ബോധമുള്ളവരാക്കണം

സന്ദേശം



വാത്സല്യ മക്കളേ,

ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുകയാണല്ലോ? ഈ രംഗത്ത് ഉയർന്നുവന്നിരിക്കുന്ന പുതിയ വെല്ലുവിളികളെ നേരിടുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഇടവകകളുടെയും പ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സഭ ഒരു പരിസ്ഥിതി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിലും പരിപാടികളും ഏവരും സഹകരിക്കണം.

പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ കുഞ്ഞുങ്ങളെ ദൈവാശ്രയബോധമുള്ളവരും, പ്രാർത്ഥനാശീലമുള്ളവരുമായി നയിക്കുന്നതിന് മാതാപിതാക്കളും, അദ്ധ്യാപകരും ശ്രദ്ധിക്കണം. നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത് (2 കൊരി. 6:1). ബുദ്ധിപരവും മാനസികവും ശാരീരികവുമായ വളർച്ചക്ക് അടിത്തറയായി ആത്മീയ പോഷണം അത്യാവശ്യമാണെന്ന കാര്യം വിസ്മരിക്കരുത്. എല്ലാ കുഞ്ഞുങ്ങൾക്കും വിദ്യാരംഭാശംസകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

## അഭിനവ മെത്രാപ്പോലീത്താമാർക്ക് സ്വീകരണം



പത്തനംതിട്ട; നവാഭിഷിക്ത മെത്രാപ്പോലീത്താമാർക്ക് തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. പത്തനംതിട്ട ബഥേൽ അരമനയിൽ നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി വിൻസന്റ് പാല ഉദ്ഘാടനം ചെയ്തു. ബഥേൽ അരമനയിൽ നിന്ന് ഘോഷയാത്രയായാണ് പുതിയ മെത്രാപ്പോലീത്താമാരെ കാതോലിക്കേറ്റ് കോളജ് ഓഡിറ്റോറിയത്തിലേക്ക് ആനയിച്ചത്. ഡാനിയേൽ മാർ പീലക്സിനോസ്, അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി. ഭദ്രാസനത്തിലെ 110 പള്ളികളിലെയും വിശ്വാസികൾ ഘോഷയാത്രയിൽ പങ്കെടുത്തു. സമൂഹത്തിന് ആത്മീയ ഉണർവ്വ് ഉണ്ടാകുവാൻ പുതിയ മെത്രാപ്പോലീത്താമാർക്ക് സാധിക്കട്ടെ എന്ന് മന്ത്രി വിൻസന്റ് പാല ആശംസിച്ചു. ഭദ്രാസനാധിപൻ അഭി. കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മാർത്തോമ്മാ സഭ റാന്നി–നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ അത്തനാസിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. മാത്യൂസ് മാർ തേവോദോസിയോസ്, പി.ജെ. കുര്യൻ എം.പി., ആന്റോ ആന്റണി എം.പി., കെ, ശിവദാസൻ നായർ എം.എൽ.എ., ജോസഫ് എം. പുതുശേരി എം.എൽ.എ., നഗരസഭാ ചെയർമാൻ സക്കീർ ഹുസൈൻ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ഫാ. റ്റൈറ്റസ് ജോർജ്, ഫാ. കെ.ജി. ജോൺസൺ കല്ലിട്ടതിൽ, റവ. രാജു ഡാനിയേൽ, ജോർജ് വർഗീസ് കൊപ്പാറ, റോയി പി. തോമസ്, ബാബുജി ഈശോ എന്നിവർ പ്രസംഗിച്ചു.



# 8 ഭദ്രാസനങ്ങളിലൂടെ

## ബോംബെ

ഭദ്രാസന ആസ്ഥാനങ്ങളിൽ അഭിവന്ദ്യ തിരുമേനിമാരുമായി റോയ് ചാക്കോ ഇളമണ്ണൂർ നടത്തിയ അഭിമുഖങ്ങളാണ് ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നത്. കാൽ നൂറ്റാണ്ടുകാലമായി മാധ്യമരംഗത്തു പ്രവർത്തിക്കുന്ന ലേഖകൻ സഭാ പ്രസിദ്ധീകരണങ്ങളിലുൾപ്പെടെ അഞ്ഞൂറിലേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ ഓഫീസറായ ലേഖകൻ ഇപ്പോൾ തിരുവനന്തപുരം ഓൾ ഇന്ത്യാ റേഡിയോയിൽ ന്യൂസ് എഡിറ്ററായയിസേവനമനുഷ്ഠിക്കുന്നു.

**(കഴിഞ്ഞ ലക്കം തുടർച്ച)**

**7. മുൻഭദ്രാസന അധിപന്മാർ ആരെങ്കിലും മുൻകൈയെടുത്തു നടത്തിയ പദ്ധതികൾ/ പരിഷ്ക്കാരങ്ങൾ/ പ്രവർത്തനങ്ങൾ?**

*ഭദ്രാസനത്തിൽ സ്ഥാവരവസ്തുക്കൾ കൈവശം വയ്ക്കുവാൻ (ബോംബെ പബ്ലിക് ട്രസ്റ്റി ആക്ട് അനുസരിച്ച്) അധികാരമുള്ള ഒരു റെജിസ്റ്റേർഡ് ട്രസ്റ്റ് രൂപീകരിച്ചു. അതിന്റേതായി കല്യാണിലെ സ്കൂൾ ഏറ്റെടുക്കുകയും വാഷിയിൽ സ്കൂൾ ആരംഭിക്കുകയും ചെയ്തു. പല ഇടവകകളുടെയും ചുമതലയിൽ സ്കൂളുകൾ, ബാലവാടികൾ, സൗജന്യചികിത്സാകേന്ദ്രങ്ങൾ മുതലായവ ആരംഭിച്ചു. 1994 -ൽ വൈദികരുടെ ഏകീകൃത ശമ്പള പദ്ധതി ആരംഭിക്കുകയും ഭദ്രാസന കേന്ദ്രത്തിൽ നിന്ന് വിതരണം ചെയ്യുന്ന നടപടി കൈക്കൊള്ളുകയും ചെയ്തു.*

a) *സാധാരണക്കാരെ സഹായിക്കാൻ വേണ്ടി വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക, മറ്റ് സഭാവിഭാഗങ്ങളും മതങ്ങളും ചേർന്നുള്ള ചർച്ചാ സമ്മേളനങ്ങൾക്കു വേദിയൊരുക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി "ഗ്രീഗോറിയൻ കമ്മയൂണിറ്റി" ആരംഭിച്ചു. ഭദ്രാസനകേന്ദ്രത്തിൽ നിന്നും 120 കി.മീ. അകലെ റോഹയിലെ 77 ഏക്കർ സ്ഥലത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു.*

b) *ഭദ്രാസനം നേരിട്ടു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി എഡ്യുക്കേഷൻ ബോർഡ് രൂപീകരിച്ചു.*

c) *ഭദ്രാസന ആസ്ഥാനത്തിനു മുമ്പിലുള്ള റോഡിന് ഡോ. മാർ തെയോഫിലോസ് റോഡ് എന്ന് പേര് ലഭിക്കുന്നതിന് മുൻസിപ്പൽ കോർപ്പറേഷനിൽ ആവശ്യമായ സ്വാധീനം ചെലുത്തി. സ്കൂളിനോടും അരമനയോടും, ചേർന്നുള്ള ജംഗ്ഷന് സെന്റ് മേരീസ് ചൗക്ക് എന്ന പേരും ലഭിച്ചു. മുൻസിപ്പൽ ഗാർഡിന് സെന്റ് മേരീസ് ഗാർഡൻ എന്ന പേര് മുൻസിപ്പാലിറ്റിയിൽ നിന്ന് ലഭിക്കുന്നതിന് തിരുമേനിയുടെ പരിശ്രമം ഹേതുവായി.*

d) *സെന്റ് മേരീസ് നൈറ്റ് സ്കൂൾ, എയ്ഡ്സ് രോഗികൾക്കായുള്ള ക്ലിനിക്, ക്ഷയരോഗികളായ കുട്ടികൾക്കുള്ള പോഷകാഹാരപദ്ധതി തുടങ്ങിയവ ആരംഭിച്ചു.*

*7 വർഷം മുൻപു വാങ്ങിയതാണ്. ഗ്രാമീണ മേഖലയിൽ 2 സ്ഥലത്തായി വാങ്ങിയിരിക്കുന്ന കൃഷിഭൂമിയാണിത്. ഒരു സ്ഥലം ആറിന്റെ തീരത്താണ്. മറ്റേത് മലയിലും. ഭദ്രാസന ആസ്ഥാനസ്ഥലമായ വാഷിയിൽ നിന്നും 120 കിലോമീറ്റർ അകലെയാണിതെന്നോർക്കണം. മംഗലാപുരത്തുനിന്നും മുംബൈയ്ക്കുള്ള കൊങ്കൺപാത റോഹ വഴിയാണ് കടന്നുപോകുന്നത്.*

*വാഷി എന്ന സ്ഥലം തന്നെ മുംബൈയിലെ പ്രധാന റെയിൽവേസ്റ്റേഷനായ വി.റ്റി.യിൽ നിന്നും (ഇപ്പോഴത്തെ പേര് ഛത്രപതി ശിവജി ടെർമിനൽ) 35 കിലോമീറ്റർ അകലെയാണ്.*

*വടക്കൻ കർണാടകയിലെ ബെൽഗാം ഹൂബ്ലി മേഖലകൾ ബോംബെ ഭദ്രാസനത്തിലാണ്. ബാക്കിയെല്ലാം ബാംഗ്ലൂർ ഭദ്രാസനത്തിലും, മഹാരാഷ്ട്രയിലെ വടക്കൻ മേഖല (നാഗ്പൂർ ഭാഗം) കൽക്കട്ട ഭദ്രാസനത്തിലാണ്. ബാക്കിയെല്ലാം ബോംബെയിലും, ചെറിയ സംസ്ഥാനമായ ഗോവയിൽ 2 വലിയ പള്ളികളും ഒരു കോൺഗ്രിഗേഷനും നമുക്ക് ഉണ്ടെന്നും ഭദ്രാസന ആസ്ഥാനത്തെ അഡ്മിനിട്രേറ്റർ, പുളിക്കീഴ് -വളഞ്ഞവട്ടം സ്വദേശി ഡോ. എ. വർഗീസ് (68 വയസ്സ്) പറഞ്ഞു. മല്ലപ്പള്ളി സ്വദേശി റവ.ഫാ. റ്റി.ഇ. ഐസക്ക് ആണ്. ഭദ്രാസനത്തിന്റെ സെക്രട്ടറി.*

a) *സഭയുടെ ഉന്നത ശ്രേണികളഇലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്ഥാനങ്ങൾക്ക് ഉചിതമായ മാന്യത പാലിക്കപ്പെടുവാനും വ്യക്തിതാല്പര്യങ്ങൾ സ്വാധീനിക്കാതിരിക്കുവാനും ഉള്ള നിബന്ധനകൾ ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കുന്നു.*

b) *സഭാ കേന്ദ്ര കാര്യാലയം കാലോചിതമായി ആധുനികവൽക്കരിക്കപ്പെടണം.*

c) *മറ്റ് സഹോദരീ സഭകളുമായുള്ള, പ്രത്യേകിച്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം കൂടുതൽ ദൃഢവൽക്കരിക്കപ്പെടുവാൻ ഉചിതമായ നടപടികൾ കൈക്കൊള്ളണം.*

d) *ബാഹ്യകേരള ഭദ്രാസനങ്ങളിൽ മലങ്കര സഭയുടെ വളർച്ചയ്ക്കായി ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ച് ജന്മനാട്ടിലേക്കു മടങ്ങുന്ന വൈദികർക്ക് മറ്റ് വൈദികരോടൊപ്പമുള്ള പരിഗണന ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാകണം.*

*രാവിലെ വി. കുർബ്ബാനചൊല്ലുന്ന വൈദികന് വൈകിട്ട് 6 മണിക്കു ശേഷം വി. കുർബ്ബാന അർപ്പിക്കുവാനുള്ള അനുവാദം നൽകിയിട്ടുണ്ട്. ക്രിസ്തുമസ്, പെസഹാ, ഈസ്റ്റർ ശുശ്രൂഷകൾ തലേദിവസം സന്ധ്യയ്ക്ക് നടത്തുവാനുള്ള അനുവാദവും ഉണ്ട്.*

*വാഷിയിലെ സെന്റ് മേരീസ് നൈറ്റ് സ്കൂളിൽ 220 കുട്ടികൾ പഠിക്കുന്നുണ്ട്. ഒന്നാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുണ്ട്. സാധുക്കളായ ഇവിടുത്തെ എല്ലാ കുട്ടികൾക്കും പ്രതിവർഷം അയ്യായിരത്തോളം രൂപയാണ് (ഒരു കുട്ടിയ്ക്ക്) ചെലവഴിക്കുന്നത്. വൈകിട്ട് 5 മണി മുതൽ രാത്രി 9 മണിവരെയാണ് ക്ലാസ്. ന്യൂബോംബെയിലെ തുർബെയിലുള്ള മെഡിക്കൽ എയ്ഡ്സ് സെന്ററിൽ ദിവസവും പതിനഞ്ചോളം രോഗികൾ മരുന്നിനും ചെക്കപ്പിനുമായി എത്തുന്നുണ്ട്. രോഗികളിൽ കൂടുതലും എച്ച്.ഐ.വി. ബാധിതരാണ്. ഒരു ഡോക്ടറും ഒരു നേഴ്സും ഇവിടെ നിത്യവും 2 മണിക്കൂർ സേവനമനുഷ്ഠിക്കുന്നു. ഒരു മാസം മുപ്പതിനായിരത്തോളം രൂപ ഈ സെന്ററിനുവേണ്ടി വിനിയോഗിക്കുന്നു.*

*തുർബെയിൽ ക്ഷയരോഗികളായ കുട്ടികൾക്ക് ദിവസവും പോഷകാഹാരം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. 50 കുട്ടികൾക്ക് ആഹാരം നൽകുന്നുണ്ട്. റോഹയിലെ വൃദ്ധസദനത്തിൽ 15 പേർ താമസിക്കുന്നു. സെമിനാരിപഠനത്തിനായൊരുങ്ങുന്ന 2 യുവാക്കളും ഒരു പുരോഹിതനും ഇതിന്റെ മേൽനോട്ടം വഹിച്ചുവരുന്നു. വൃദ്ധ സദനത്തിലെ ഒരാൾക്ക് പ്രതിമാസം അയ്യായിരത്തോളം രൂപ ചെലവാകുന്നുണ്ട്.*

*ചാരിറ്റബിൾ ട്രസ്റ്റായി രൂപീകരിച്ചിരിക്കുന്ന മലങ്കര ഓർത്തഡോക്സ് ചർച്ച് കൗൺസിൽ ഓഫ് ബോംബെ (എം.ഒ.സി.സി.ബി.) നടത്തുന്ന സ്കൂളുകളിലെ സാധുക്കളായ 150 കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനായി ഒരു വർഷം 4200 മുതൽ 8400 രൂപവരെ ചെലവഴിക്കുന്നുണ്ട്.*

*സെന്റ് മേരീസ് ജൂണിയർ കോളജ്, വാഷി (വിദ്യാർത്ഥികൾ 5717, അദ്ധ്യാപകർ 185), സെന്റ് മേരീസ് മൾട്ടിപർപ്പസ് സ്കൂൾ, വാഷി, സെന്റ് മേരീസ് നൈറ്റ് സ്കൂൾ, വാഷി, സെന്റ് മേരീസ് ഐ.സി.എസ്.ഇ. സ്കൂൾ, കോപ്പർ ഖൈരാന, നവിമുംബൈ (വിദ്യാർത്ഥികൾ 1104, അദ്ധ്യാപകർ 39), സെന്റ് മേരീസ് ജെ.എൻ.പി. സ്കൂൾ, നവസേവ (വിദ്യാർത്ഥികൾ 640, അദ്ധ്യാപകർ 20), സെന്റ് മേരീസ് സ്കൂൾ, വൽസാദ് (വിദ്യാർത്ഥികൾ 385, അദ്ധ്യാപകർ 20), സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ, കല്യാൺ (വിദ്യാർത്ഥികൾ 1593, അദ്ധ്യാപകർ 29), സെന്റ് തോമസ് സ്കൂൾ, രാജ്കോട്ട്, ഡോ. മാർ തെയോഫിലോസ് ഐ.സി.എസ്.ഇ. സ്കൂൾ, ദാനോരി വില്ലേജ്, പുന.*

*കോപ്പർ ഖൈരാനയിലെ 2 ഏക്കർ വസ്തുവിൽ സ്കൂൾ സ്ഥിതി ചെയ്യുന്നു. കല്യാണിലെ സ്കൂളിന് മുക്കാൽ ഏക്കർ വസ്തുവുണ്ട്. വൽസാദിലെ സ്കൂളിന് 8 ഏക്കർ വസ്തുവുണ്ട്. ദാനോരിയിലെ സ്കൂളിന് 7 ഏക്കർ വസ്തുവുണ്ട്. പനവേലിലെ ജിത്തെയിൽ 32 ഏക്കർ വസ്തുവുണ്ട്. ബോംബെ-ഗോവ ദേശീയ പാതയുടെ മധ്യത്തിലായി സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്.*

*നവിമുംബൈയിൽ അനാഥാലയം, ബാല-ബാലികാ ഭവനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ശാരീരിക, മാനസിക വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഒരു സ്കൂൾ തുടങ്ങുവാനും ഭദ്രാസനം ഉദ്ദേശിക്കുന്നു.*

*കടബാധ്യതയില്ല*

a) *ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ചുള്ള പെൻഷൻ ഫണ്ട്*

b) *വൈദിക ക്ഷേമനിധിയിൽ നിന്നുള്ള പബ്ലിക് പ്രൊവിഡന്റ് ഫണ്ട്*

c) *5000 രൂപ വരെ ഭദ്രാസനത്തിൽ നിന്നുമുള്ള പ്രതിമാസ പെൻഷൻ*

---

**പുസ്തക പരിചയം**

## അനുഗൃഹീതമായ കണ്ണുനീർ

**ഫാ.ഡോ. കെ.എം. ജോർജ്**

എം.ഒ.സി. പബ്ലിക്കേഷൻസ്, ദേവലോകം, വില. 50 രൂപ




പൗരസ്ത്യ ഓർത്തഡോക്സ് സഭാ ദൈവശാസ്ത്രത്തിൽ സാധാരണക്കാർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ചില ദർശനങ്ങൾ വെളിപ്പെടുത്തിത്തരുന്നു ഈ ഗ്രന്ഥം. പാശ്ചാത്യ ദർശനങ്ങളിൽ തിയോളജി എന്ന സ്പിചാലിറ്റി എന്നുള്ള വേർതിരിവ് ഓർത്തഡോക്സ് വിശ്വാസത്തിലില്ലെന്നു ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. കന്യകമറിയാമിനെക്കുറിച്ചുള്ള ഓർത്തഡോക്സ് സഭയുടെ കാഴ്ചപ്പാട് വിശദമാക്കുന്ന ലേഖനങ്ങളും കുമ്പസാരമെന്ന ചികിത്സ, അനുഗൃഹീതമായ കണ്ണുനീർ ദിവ്യരഹസ്യങ്ങളുടെ പരിസേവകർ, ആരാണു വിശുദ്ധർ എന്നീ ലേഖനങ്ങളും ഓർത്തഡോക്സ് വിശ്വാസങ്ങളുടെ തനിമ എന്താണെന്നു സാധാരണക്കാർക്കും സുഗ്രഹമാക്കുന്നു.

## ശിഖ THE PEAK

**സഖേർ**

സി.എസ്.എസ്. ബുക്സ്, തിരുവല്ല വില- 50 രൂപ

ശക്തിയുള്ള കൂടം കൊണ്ടു പോലും തകർക്കാൻപറ്റാത്ത കരിമ്പാറയുടെ നേർത്തതും, സൂക്ഷ്മവുമായ വിടവിലൂടെ ഊർന്നിറങ്ങുന്ന മഴത്തുള്ളികണക്കെയാണ് ധ്യാനവചസുകൾ. മനസ്സിന്റെ സൂക്ഷ്മമായ വാതിലുകളെ കണ്ടറിഞ്ഞ് അതിലൂടെ അർത്ഥവത്തായ വാക്കുകൾ പകരാൻ കഴിയുന്ന വ്യക്തിയാണ് ധ്യാനഗുരു. സഖേറിന്റെ 'ശിഖ' പാരമ്പര്യ എഴുത്തുശൈലിയിൽ നിന്നും വ്യത്യസ്തമായി ആധുനികതയുടെ മനസ്സുകളിലേക്ക് തഴുകിയിറങ്ങുന്ന മഴത്തുള്ളികളായി വന്നെത്തുന്നു.

ഓർത്തഡോക്സ് സഭയിലെ വൈദികനും, ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിലെ അംഗവുമാണ് സഖേർ. ജീവിതത്തിലും എഴുത്തിലും നിർമ്മലതയും ലാളിത്യവും കാത്തുസൂക്ഷിക്കുന്നു സഖേർ. ഇതിനുമുമ്പും ചില ഗ്രന്ഥങ്ങൾ സഖേർ രചിച്ചിട്ടുണ്ട്.

18 പടികളിലൂടെ ആദ്ധ്യാത്മികതയുടെ സാധാരണ തലങ്ങളെ അസാധരണ വിശകലനത്തിലൂടെ സാധാരണക്കാരിലെത്തിക്കുവാൻ ശിഖയിലൂടെ സഖേർ ശ്രമിക്കുന്നു. വർഷത്തിൽ തുടങ്ങി ശിഖയിലെത്തുന്നതിനിടയ്ക്ക് അപ്പം, വിദ്യ, സമയം, ഭാഷ, കൂട് അതിര്, കടൽ, വാർദ്ധക്യം തുടങ്ങിയ ചിന്തകളിലൂടെ




സഖേർ നമ്മേയും കൂട്ടുന്നു.



# ആഗോള വൽക്കരണവും, പെരുന്നാളുകളും

ഫാ.ഡോ. ഒ. തോമസ്

ദേശിക സംസ്കാര, ഭാഷാ ഉല്പന്നങ്ങൾ എന്നിവയൊക്കെ ആഗോളവൽക്കരണത്തിന്റെ തള്ളിക്കയറ്റത്തിൽ ഇല്ലാതെയാവുമെന്ന് അറിവുള്ളവർ മുന്നറിയിപ്പ് തന്നിട്ടുണ്ടെങ്കിലും, 'നാടോടുമ്പോൾ നടുവേ ഓടണം' എന്ന പ്രമാണം എല്ലാവരും സ്വീകരിച്ചിരിക്കുന്നതിനാൽ ആരും തന്നെ ഇത്തരം മുന്നറിയിപ്പുകളെ ഗൗരവമായി എടുക്കാറില്ല. പ്രാദേശിക ഉല്പന്നങ്ങളുടെ നിർമ്മാതാക്കളഅം വൻകിടക്കാരുമായി മത്സരിച്ച് ശേഷിവർദ്ധിപ്പിക്കണമെന്നും, അത്തരം മത്സരങ്ങൾ സമ്പദ്ഘടനയ്ക്ക് പുതുജീവൻ ഉണ്ടാക്കുമെന്നും, ആഗോളവൽക്കരണത്തിന്റെ അനുകൂലികൾ ഉയർത്തുന്ന വാദങ്ങൾ കൃഷിമേഖലയിൽ നാടൻ വിത്തുകളെല്ലാം അപ്രത്യക്ഷമായതല്ലാതെ ബഹുരാഷ്ട്രകുത്തകൾ പുറത്തിറക്കിയ വിത്തിനങ്ങളെയൊന്നും ഇല്ലാതാക്കാൻ വിപണിയിലെ മത്സരങ്ങൾക്കായില്ല എന്നു മനസ്സിലാക്കാൻ സാമാന്യബുദ്ധിമതിയാകും. ബഹുരാഷ്ട്രക്കമ്പനികളുടെ ഉല്പന്നങ്ങൾ എന്തുതന്നെയായാലും, അതിന്റെ ഗുണമേന്മ മനുഷ്യമനസ്സുകളിൽ അടിച്ചേൽപ്പിക്കാനുള്ള വിപണനതന്ത്രം അവർക്കുള്ളതുപോലെ പാവപ്പെട്ട നാടൻ കൃഷിക്കാർക്കു സാദ്ധ്യമല്ല. പോരെങ്കിൽ മലയാളിക്ക് പത്രവും, റ്റി.വിയും ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണല്ലോ. ചെറ്റക്കുടിലിലും, റ്റി.വി. എത്തിച്ചേർന്നതിനാൽ 'മലബാർ ഗോൾഡിൽ' നിന്ന് തന്നെ ആഭരണം വാങ്ങണമെന്ന ആഗ്രഹം പാവപ്പെട്ടവരുടെ മനസ്സിലും ജനിപ്പിക്കുവാൻ അവർക്കു സാധിക്കുന്നു. പോരെങ്കിൽ സിനിമയിൽ കൂടി മനസ്സിൽ ആരാധനഭാവം നിറഞ്ഞിരിക്കുന്ന താരംതന്നെ 'മലബാർ ഗോൾഡി'ന്റെ ഗുണഗണങ്ങൾ വർണ്ണിക്കുമ്പോൾ എങ്ങനെ അവിശ്വസിക്കാനാവും? തൊട്ടയലത്തു പാർക്കുന്ന, തട്ടാൻ ഉറ്റസ്നേഹിതനും ആത്മാർത്ഥതയുള്ള നല്ല പണിക്കാരനാണെങ്കിലും കൊച്ചുകുഞ്ഞിന് ഇരുപത്തെട്ടുകെട്ടിനുള്ള ഒരു ചെറിയ ചരടെങ്കിലും അയാളുടെ കൈയിൽ നിന്നുവാങ്ങാനുള്ള സന്മനസ്സ് മലയാളിക്ക് എന്നേ നഷ്ടമായിരിക്കുന്നു.

ആ പ്രവണതയുടെ ഏറ്റവും വേദനാജനകവും, ആപത്കരവുമായ ചിത്രമാണ് ആത്മീയഗോളത്തിലും ഉരുത്തിരിയുന്നത്. കത്തോലിക്കാ-ഓർത്തഡോക്സ് സഭകളിലെ പെരുന്നാളാഘോഷങ്ങളിലേക്കു ഒന്നു കണ്ണോടിച്ചാൽമതി. ബഹുരാഷ്ട്രകുത്തകളുടേതിനോട് സമാനമായി പ്രചരണതന്ത്രങ്ങൾ ആവിഷ്ക്കരിച്ച്, ഗ്രാമീണ ദേവാലയങ്ങളിലെ അൾത്താരകളേയും, അവിടെയുള്ള ദൈവസാന്നിദ്ധ്യത്തേയും, വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിലുള്ള നിഷ്കളങ്കരായ മനുഷ്യരുടെ വിശ്വാസത്തെ അട്ടിമറിക്കുകയും, ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത്തരം കുത്തക ദേവാലയങ്ങൾക്ക് പണവും സ്വാധീനവും ഉണ്ട്. നാടുമുഴുവൻ ഫ്ളെക്സ് ബോർഡുകളും കൂറ്റൻ ആർച്ചുകളും, മുഴുവൻ പേജ് പത്രപരസ്യങ്ങളും, റ്റി.വി. കവറേജും ഒക്കെ നൽകുവാൻ അവർക്കു വിഷമമില്ല. ചുരുക്കത്തിൽ അവരുടെ പള്ളിയിലെ വിശുദ്ധന് അസാധാരണ ശക്തി. പാവപ്പെട്ട ഗ്രാമീണ ദേവാലയത്തിലെ അതേ വിശുദ്ധന് യാതൊരു ശക്തിയുമില്ല. ഇതിന്റെ ദൈവശാസ്ത്രമെന്തെന്ന് ചോദിക്കാൻ ദൈവശാസ്ത്രം അറിയുന്നവർക്കും സാധിക്കുന്നില്ല. കാരണം ബഹുരാഷ്ട്രക്കാരനിൽകൂടി ലഭിക്കാനുള്ള ആനുകൂല്യങ്ങളും, ഫ്ളെക്സിലും പത്രങ്ങളിലുമൊക്കെ വരാനുള്ള കളർഫോട്ടോയും എന്തിനു നഷ്ടപ്പെടുത്തണം? അങ്ങനെ തിരിച്ചറിവുള്ളവരും 'പണത്തിനുമീതെ പരുന്തും പറക്കുകയില്ല' എന്ന തത്വം അന്വർത്ഥമാക്കിയിരിക്കുന്നു.

ബഹുരാഷ്ട്രക്കുത്തകകളോട് മത്സരിച്ച് മാർക്കറ്റിൽ ഇടംതേടാൻ ചില നാടൻ കുത്തകൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ, അവർ സ്വീകരിക്കുന്ന മാർഗ്ഗവും ബഹുരാഷ്ട്രക്കാരുടേതു തന്നെയായിരിക്കും. ചില ഇടത്തരം പള്ളികളും ഇപ്പോൾ ഈ മാർഗ്ഗം അവലംബിക്കുന്നു. വലിയ കുത്തകൾ എന്തെല്ലാം ചെയ്യുന്നവോ അവയെ അപ്പാടെ അനുകരിച്ചുകൊണ്ട്, തങ്ങളുടെ പള്ളിയിലെ വിശുദ്ധനും ശക്തിയിൽ പിന്നോക്കമല്ലെന്ന് തെളിയിക്കാൻ ശ്രമിക്കുകയാണ്. എന്തിനധികം ഗ്രാമീണ ദേവാലയങ്ങളും ഈ കുത്തകകളെ അനുകരിക്കാൻ ശ്രമിക്കുന്നു. 'അണ്ണാന് ആനയോളം വാതുറക്കാനാവില്ല' എന്ന നിലയിൽ അപഹാസ്യമാകുന്നു എന്നതാണ് ഇതിലെ ശോചനീയമായ വസ്തുത. എത്രശ്രമിച്ചാലും ഈ ചെറിയ പള്ളിയിലെ വിശുദ്ധനെ ഉയർത്താൻ ഒരുകാലത്തും സാധിക്കുമെന്നു തോന്നുന്നില്ല. മറിച്ച് ധനികപള്ളികളെ അനുകരിക്കുന്നതുമൂലം പാവപ്പെട്ട പള്ളികളിലെ പാവപ്പെട്ട ജനത്തിന്റെ മുകളിൽ തിരുനാളാഘോഷങ്ങൾക്കുവേണ്ടി അധിക ഭാരം അടിച്ചേൽപ്പിക്കുന്നതുമിച്ചം.

ആത്മീയഗോളത്തിലെങ്കിലും ആഗോള വൽക്കരണത്തിന്റെ ഭൗതികാതിപ്രസരം ഉണ്ടാകുകയില്ലെന്ന് ചിന്തിച്ചിട്ടുള്ളവരുണ്ടെങ്കിൽ തെറ്റുപറ്റിയെന്ന് തിരിച്ചറിയാനെങ്കിലും സാധിക്കുമോ? തിരുനാളാഘോഷങ്ങളുടെ പ്രഭാപൂരം ആഗോള വൽക്കരണത്തിന്റെയോ, അതോ കാലിത്തൊഴുത്തിൽ പിറന്ന് കാൽവരിയിൽ കുരിശിക്കപ്പെട്ട ക്രിസ്തുവിന്റേതോ? അൾഷൈമേഴ്സ് ബാധിച്ചിട്ടില്ലാത്തവരെങ്കിലും ശാന്തമായി ചിന്തിക്കുക. •

# യാക്കോബായ ഭരണഘടന അസാധു!

ജോൺ വർഗീസ് ഇരവിപേരൂർ

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ എഴുതിയ "സിറിയൻ ഓർത്തഡോക്സ് സഭയുടെ ഭരണഘടന: ഒരു പഠനം" (മലങ്കര സഭാ പത്രിക 2010 മാർച്ച് ലക്കങ്ങൾ) എന്ന ലേഖനത്തിന് അനുബന്ധമായി തയ്യാറാക്കിയതാണ് ഈ കുറിപ്പ്.

അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടന 1998 സെപ്റ്റംബർ 22 മുതൽ 26 വരെ കൂടിയ സഭയുടെ പരിശുദ്ധ സുന്നഹദോസ് പാസ്സാക്കിയതാണ്. മുമ്പ് പാസ്സാക്കിയ ഭരണഘടന ഭേദഗതി ചെയ്താണത്രേ ഇത് നടപ്പാക്കിയത്. ഇതു പാസ്സാക്കുമ്പോൾ മലങ്കരയിൽ ശ്രേഷ്ഠ കാതോലിക്കാ സ്ഥാനം ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇവിടുത്തെ യാക്കോബായ മെത്രാപ്പോലീത്താമാർക്കു കൂടി പങ്കാളിത്തമുള്ള "ആകമാന സുന്നഹദോസ്" പോലും ഇതിനു വേണ്ടി കൂടിയിട്ടില്ല.

"യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ" എന്ന് ഇപ്പോൾ അറിയപ്പെടുന്ന മുൻ പാത്രിയർക്കീസു കക്ഷി 2002-ൽ ഒരു ഭരണഘടന ഉണ്ടാക്കി. ഇതു തയ്യാറാക്കിയവർ അന്ത്യോഖ്യൻ ഭരണഘടന കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

"യാക്കോബായ" എന്ന പേരു പോലും അന്ത്യോഖ്യൻ ഭരണഘടനയിലില്ല. എന്നാൽ തങ്ങൾ ഉപേക്ഷിച്ചു കളഞ്ഞ "മലങ്കര" എന്ന പേര് ഈ ഭരണഘടനയിലുണ്ടുതാനും. "ആകമാന സുറിയാനി സഭ"യെ ഒരിടത്തു മാത്രം കാണാം (വകുപ്പ് 7). അന്ത്യോഖ്യൻ ഭരണഘടനയനുസരിച്ച് His Beatitude Mor Baselius . . . Catholicos of the East and Metropolitan of Malankara എന്നാണ് ശ്രേഷ്ഠ കാതോലിക്കായുടെ ഔദ്യോഗിക സ്ഥാനനാമം (വകുപ്പ് 8). ഇതിൽ ശ്രേഷ്ഠ കാതോലിക്കായെ സുറിയാനി ഭാഷയിൽ "മഫ്രിയാനാ" എന്നും "കാതോലിക്കാ" എന്നും വിശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ഇവയിൽ നിന്നു വ്യത്യസ്തമായി പല സ്ഥാനനാമങ്ങളാണ് ഇപ്പോൾ അദ്ദേഹം ഉപയോഗിച്ചു കാണുന്നത്.

"പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ നടത്താൻ അധികാരമുണ്ട്'' എന്ന് ഹൂദായ കാനോനിൽ (3:1) പറയുന്നു. തിഗ്രീസിലെ മഫ്രിയാനാമാർ വി. മൂറോൻ കൂദാശ നടത്തിയിട്ടുള്ളതായി സഭാചരിത്രത്തിലുണ്ട്. അന്ത്യോഖ്യൻ (വകുപ്പ് 15) - യാക്കോബായ (വകുപ്പ് 9) ഭരണഘടനകളും ശ്രേഷ്ഠ കാതോലിക്കായുടെ സുസ്താത്തിക്കോനും (No E - 160/02) അനുസരിച്ച് മൂറോൻ കൂദാശ നടത്തുന്നതിന് ശ്രേഷ്ഠ കാതോലിക്കായ്ക്ക് അധികാരമില്ല. മലങ്കര സഭ യോജിച്ചു നിന്ന കാലത്ത് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ (യാക്കോബായക്കാരുടെ "ശ്രേഷ്ഠ" ഔഗേൻ "മഫ്രിയാനാ'' ബാവാ) 1967-ൽ വി. മൂറോൻ കൂദാശ നടത്തിയ കാര്യം സഭാചരിത്രത്തിൽ നിന്നു മായിക്കാൻ ശ്രമിക്കുന്നത് ഇതുകൊണ്ടായിരിക്കാം.

കേരളത്തിലെ യാക്കോബായ വിഭാഗം ഒഴികെയുള്ള അന്ത്യോഖ്യൻ സഭയ്ക്ക്, മലങ്കര സഭയിലെ ഒരു ഭദ്രാസനത്തിന്റെ വലിപ്പം പോലുമില്ല. അതേസമയം അന്ത്യോഖ്യൻ സഭയിലെ 31 അതിഭദ്രാസനങ്ങളിൽ ഒന്നുമാത്രമാണ് ശ്രേഷ്ഠ കാതോലിക്കായുടെ കീഴിലുള്ള യാക്കോബായ വിഭാഗം (നമ്പർ 31). ക്നാനായ ആർച്ചുഡയോസീസും (നമ്പർ 30) വടക്കേ അമേരിക്കയിലെ മലങ്കര പാത്രിയാർക്കൽ വികാരിയേറ്റും (നമ്പർ 19) മാത്രമാണ് മലയാളികൾ ഉൾപ്പെടുന്ന മറ്റു രണ്ടെണ്ണം. സുവിശേഷ സമാജം ഉൾപ്പെടെയുള്ളവ ഇവയ്ക്ക് പുറത്താണ്. അന്ത്യോഖ്യൻ ഭരണഘടനയുടെ (4, 5 വകുപ്പുകൾ) പ്രസക്ത ഭാഗങ്ങൾ കാണുക.

Article 4. The Archdioceses of the Apostolic See of Antioch are:

19. North America of Malankara, a Patriarchal Vicariate, located in New York. It covers the United States of America and Canada.

30. Knanaya, an Archdiocese, located in Chingavanam, Kerala. It covers all the Knanaya churches in / out of India.

31. Catholicate of the East, its headquarter is Kerala. It covers all the Syrian Orthodox Archdioceses in India, except the Knanaya Archdiocese, the churches of the Patriarchal See, and the Evangelical Ministry Associations in India.

Article 5. All churches, their organizations and Evangelical Ministry Associations, not included in the Syrian Archdioceses mentioned in Article 4, are governed directly by H. H. the Patriarch.

അന്ത്യോഖ്യൻ - യാക്കോബായ ഭരണഘടനകൾ തമ്മിൽ ഒട്ടേറെ പൊരുത്തക്കേടുകളുണ്ട്. അവയിൽ ചിലതു മാത്രം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു.

പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ തെരഞ്ഞെടുപ്പിനെപ്പറ്റി യാക്കോബായ ഭരണഘടന (18, 21 വകുപ്പുകൾ) ഇപ്രകാരം പറയുന്നു.

18. പാത്രിയർക്കാ സ്ഥാനം ഒഴിവ് വരുമ്പോൾ പുതിയ പാത്രിയർക്കാ സ്ഥാനിയെ ആകമാന സുന്നഹദോസ് കൂടി തെരഞ്ഞെടുക്കേണ്ടതാണ്.

21. പാത്രിയർക്കാ സ്ഥാനം ഒഴിവ് വരുമ്പോൾ പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിനു കൂടുന്ന ആകമാന സുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കായും, പ്രാദേശിക സുന്നഹദോസിലെ മെത്രാപ്പോലീത്താമാരും, എപ്പിസ്ക്കോപ്പമാരും അംഗങ്ങളായിരിക്കുന്നതും, എന്നാൽ അവരിൽ ഭദ്രാസന ഭരണ ചുമതലയുള്ളവർക്കു മാത്രം വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

എന്നാൽ അന്ത്യോഖ്യൻ ഭരണഘടന 36-ാം വകുപ്പിൽ കാണുന്നത് ഇപ്രകാരമാണ്.

Article 36. The following shall participate in the election of the new Patriarch :

1- His Beatitude the Catholicos, the Metropolitan of the Knanaya Archdiocese, the Metropolitans of the churches of the Antiochian Apostolic See in India, and the Metropolitan of North America of the Malankara Archdiocese. All above shall elect but may not be elected.

2- Their Eminence the Archdioceses Metropolitans, the Metropolitan Patriarchal Assistant, and the Metropolitans Patriarchal Vicars who are appointed to archdioceses.

ഇതനുസരിച്ച് ഇന്ത്യാക്കാരായ ശ്രേഷ്ഠ കാതോലിക്കാ, ക്നാനായ അതിഭദ്രാസനം, സിംഹാസന പള്ളികൾ, വടക്കേ അമേരിക്കയിലെ മലങ്കര അതിഭദ്രാസനം എന്നിവയുടെ മെത്രാപ്പോലീത്താമാർക്കു മാത്രമാണ് വോട്ടവകാശം. എന്നാൽ മലയാളികളായ ഇവർക്കു സ്ഥാനാർത്ഥിത്വം നിഷേധിച്ചിരിക്കുന്നു.

(തുടരും)


## WANTED LECTURERS

Applications are invited in the prescribed form for appointment as Lecturers in the following subjects under the Corporate Management of Malankara Orthodox Syrian Church Colleges.

English - 1 (Community)
History - 2 (Open/Community)
Hindi - 1 (Community)
Malayalam- 1 (Community)
Zoology - 1 (Open)
Botany - 1 (Open)
Phy. Edn. - 1 (Open)

Age, scale of pay and qualifications - As prescribed by the Govt/ UGC/M.G. University. Application forms can be had from the undersigned on payment of Rs. 500/- (Rs. 550/- by post). Filled in applictions should reach the Secretary, M.O.C. Colleges, Devalokam P.O., Kottayam 686 038 on or before 18th June 2010.

MALANKARASABHA PATHRIKA
Catholicate Office, Devalokam, Kottayam 686 038, Kerala, India. Tel: 0481-2578500
BI-WEEKLY വാർഷിക വരിസംഖ്യ 100 രൂപ

Reg. No. KERMAL 12481/11/1/2005-TC
Registered
Postal Reg. No. KL/KTM/647/2009-011
sabhapathrika@yahoo.co.in

Linc No. KL/CR/KTM/WPP-78/09-11
Licensed to Post Without Prepayment

# ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ മൂന്നാം ഓർമ്മപെരുന്നാൾ



വാകത്താനം: വള്ളിക്കാട് ദയറായിൽ കബറടങ്ങിയിരിക്കുന്ന ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ മൂന്നാം ഓർമ്മ പെരുന്നാൾ 30 മുതൽ ജൂൺ 7 വരെ ആചരിക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായും. അഭി. തിരുമേനിമാരും നേതൃത്വം നൽകും. 30 മുതൽ എല്ലാ ദിവസവും വി. കുർബ്ബാനയും, വൈകുന്നേരം സന്ധ്യാ പ്രാർത്ഥനയും നടക്കും. പ്രധാന പെരുന്നാൾ ദിവസമായ 7-ന് രാവിലെ ഏഴരയ്ക്ക് പ്രഭാത പ്രാർത്ഥനയും തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും, അനുസ്മരണ പ്രസംഗവും നടക്കും. ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ അനുസ്മരണ പ്രസംഗം നടത്തും. തുടർന്ന് അർഹരായ കുട്ടികളുടെ പഠനോപകരണ വിതരണം നടക്കും., കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും, ശ്രാദ്ധസദ്യയും ഉണ്ടായിരിക്കും. 11 മണിക്ക് വ്യക്തിത്വ വികസന സെമിനാർ നടക്കും. അഭി. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. വൈകുന്നേരം 3 മണിക്ക് അഭി. തിരുമേനി അപകടത്തിൽ കാലം ചെയ്ത വാഴൂർ ചെങ്കൽ പള്ളിക്ക് സമീപം പ്രത്യേക പ്രാർത്ഥന നടത്തും.

## ഓർത്തഡോക്സ് വൈദിക സെമിനാരി അഡ്മിഷൻ 2010

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി 2010-2015 ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികളായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2010 ജൂലൈ 10ന് മുമ്പായി സെമിനാരി ഓഫീസിൽ ലഭിക്കേണ്ടതാണ്. അപേക്ഷാഫോമിനും പ്രോസ്പെക്ടസിനും 200/- രൂപ M.O/DD സഹിതം പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പോസ്റ്റ് ബോക്സ് 98, കോട്ടയം - 686001, കേരള, ഇന്ത്യ എന്ന വിലാസത്തിൽ ബന്ധപ്പെടുക. സെമിനാരി വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. Website: www.ots.org.in

## പരിസ്ഥിതി കമ്മീഷൻ ഉദ്ഘാടനം

ഓർത്തഡോക്സ് സഭയിലെ പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി നിയോഗിച്ചിട്ടുള്ള പരിസ്ഥിതി കമ്മീഷന്റെ ഉദ്ഘാടനം ജൂൺ 5 ശനിയാഴ്ച 10 മണിക്ക് കോട്ടയം ബസേലിയോസ് കോളജ് ഹാളിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ നിർവ്വഹിക്കും. പ്രസിഡന്റ് കുര്യാക്കോസ് മാർ ക്ലീമ്മിസിന്റെ അദ്ധ്യക്ഷതയിൽ ഫാ.ഡോ. കെ.എം. ജോർജ്, മാവേലിക്കര ബിഷപ്പ് മൂർ കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു കോശി പുന്നയ്ക്കാട് എന്നിവർ പ്രസംഗിക്കും.

# കായംകുളം കാദീശാ പള്ളിക്ക് കത്തീഡ്രൽ പദവി



കായംകുളം: മലങ്കര സഭയിലെ പുരാതന ദേവാലയമായ കായംകുളം കാദീശാ പള്ളിക്ക് എപ്പിസ്കോപ്പൽ സിനഡ് കത്തീഡ്രൽ പദവി നൽകി. മാർച്ച് 20-ാം തീയതി ശനിയാഴ്ച പരിശുദ്ധ കാതോലിക്കാ ബാവാ കത്തീഡ്രൽ പ്രഖ്യാപനം നടത്തി. വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പൗലോസ് മാർ പക്കോമിയോസ്, മാത്യൂസ് മാർ തീമോത്തിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു. കത്തീഡ്രൽ പ്രഖ്യാപനത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. അനേകം ജനോപകാരപ്രദമായ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇടവക വികാരി ഫാ. ജേക്കബ് ജോൺ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, കെ.സി. വേണുഗോപാൽ എം.പി., സി.കെ. സദാശിവൻ എം.എൽ.എ., മുനി. ചെയർമാൻ കെ. സുഭാഷ്, അനിൽ പി. ദാനിയേൽ, പി.സി. റോയി എന്നിവർ പ്രസംഗിച്ചു. മാർ ശാബോർ, മാർ അഫ്രോത്ത് എന്നീ പരിശുദ്ധ പിതാക്കന്മാരുടെ നാമത്തിൽ എ.ഡി. 825 ലാണ് പള്ളി സ്ഥാപിതമായത്. അനേകം ഇടവകകൾക്ക് ജന്മം നൽകിയ മാതൃദേവാലയമാണ് ഇത്. മട്ടാഞ്ചേരിയിൽ വച്ച് നടത്തിയ കൂനൻ കുരിശ് സത്യത്തിലും, മുളന്തുരുത്തി അസ്സോസിയേഷനിലും ഈ പള്ളിയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തിരുന്നു.

# മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ ശുശ്രൂഷ നടന്നു



ഹൂസ്റ്റൺ: അമേരിക്കയിലെ സൗത്ത്-വെസ്റ്റ് അമേരിക്ക ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷ ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്നു.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഭദ്രാസനത്തിലെ 50 പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാർ പങ്കെടുത്ത ഭദ്രാസന അസംബ്ലി നടന്നു. നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബ്ബാനയും തുടർന്ന് പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷയും നടന്നു. പൊതുസമ്മേളനത്തിൽ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, സഖറിയ മാർ നിക്കോളാവോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അത്മായ ട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ്, സഭാ മാനേജിംഗ് കമ്മറ്റി അംഗം ഡോ. സഖറിയാ തോമസ്, സ്റ്റാഫോർഡ് ഡെപ്യൂട്ടി മേയർ കെൻ മാത്യു എന്നിവർ പ്രസംഗിച്ചു. സഭ ഒരു വർഷം മുമ്പ് ആരംഭിച്ച അമേരിക്കയിലെ സൗത്ത് വെസ്റ്റ് ഭദ്രാസനം പുരോഗതിയുടെ പാതയിലാണ്. ഭദ്രാസന രൂപീകരണത്തിനുശേഷം നിരവധി സാമൂഹ്യ സേവന പദ്ധതികൾ നടപ്പിലാക്കി. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലായി 50 പള്ളി അടങ്ങുന്നതാണ് ഭദ്രാസനം.

# മതം മനസിന്റെ സംയമനം: സമദാനി

ആലുവ: മതം മനസ്സിന്റെ ഉന്നതമായ സംയമനമാണ്. അത് ആദ്ധ്യാത്മികമായ ശാന്തിയെ പ്രദാനം ചെയ്യുന്നുവെന്നു അബ്ദുസമദ് സമദാനി പറഞ്ഞു. എഴുപത്തിനാലാമത് യുവജനപ്രസ്ഥാനം അന്തർദേശീയ വാർഷിക കോൺഫറൻസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. അദ്ദേഹം. സമാധാനത്തിന്റെ വിത്തുകൾ മുളക്കേണ്ടത് മനുഷ്യ മനസ്സുകളിലാണ്. മതം മുഷ്ടി പ്രയോഗമോ ശക്തി പ്രകടനമോ അല്ല. ദൈവവുമായുള്ള നിരന്തര ബന്ധമാണ്. മതത്തെ ഹൃദയത്തിൽ കുടിയിരുത്തണം. എല്ലാ മതങ്ങളുടെയും ആദ്ധ്യാത്മികമായ ലക്ഷണം മനുഷ്യ നന്മയിലേക്ക് നയിക്കുക എന്നതാണ്. അദ്ദേഹം പറഞ്ഞു. യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പൊലീത്താ അദ്ധ്യക്ഷ വഹിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. യുവജന പ്രസ്ഥാനത്തിന്റെ ഒരു വർഷം നീണ്ടുനില്ക്കുന്ന പ്ലാറ്റിനം



ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും തിരുമേനി നിർവ്വഹിച്ചു.

## ലോഗോ-മോട്ടോ രചനാ മത്സരം

ഓർത്തഡോക്സ് സഭാ പരിസ്ഥിതി കമ്മീഷന് ചിഹ്നവും ആദർശ വാക്യവും രചിക്കുന്നതിനായി മത്സരം നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ രചനകൾ കുര്യാക്കോസ് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്താ, ബേസിൽ അരമന, പത്തനംതിട്ട എന്ന വിലാസത്തിൽ അയക്കണം.



*ബാംഗ്ലൂർ ഭദ്രാസനം ഇച്ചിലംപാടി ജോർജിയൻ പിൽഗ്രിം സെന്ററിന്റെ ഉദ്ഘാടനം ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.*

*Typesetting & Layout:* **George T. Varghese**

Chief Editor & Owner: Dr. George Joseph (Sabha Secretary), Department of Public Relations, Malankara Orthodox Syrian Church, Kottayam. Printer, Publisher and Editor In-Charge: Dr. Jose Parakadavil,
Printed at the Catholicate Press, Devalokam, Kottayam - 38. Fax: 0481 2573850. E-mail: sabhapathrika@yahoo.co.in